# ശഅ്ബാൻ,
# ഒരു ഓർമ്മപ്പെടുത്തൽ

ذَلِكَ شَهْرٌ يَغْفُلُ النَّاسُ عَنْهُ

بَيْنَ رَجَبٍ وَرَمَضَانَ، وَهُوَ شَهْرٌ

تُرْفَعُ فِيهِ الأَعْمَالُ إِلَى رَبِّ الْعَالَمِينَ


അബൂ തൈമിയ്യ ഹനീഫ് ബാവ

حفظه الله



ISLAMBOOKS.IN

# ശഅ്ബാൻ, ഒരു ഓർമ്മപ്പെടുത്തൽ

അബൂ തൈമിയ്യ ഹനീഫ് ബാവ حفظه الله

- ശഅ്ബാൻ മുഴുവൻ നോമ്പെടുത്തിരുന്നോ?
- ശഅ്ബാനിൽ സുന്നത്ത് നോമ്പ് അധികരിപ്പിക്കുന്നതിന്റെ കാരണവും അതിലടങ്ങിയ ചില പാഠങ്ങളും
    - റജബിനും റമദാനിനുമിടയിൽ ജനങ്ങൾ ശ്രദ്ധിക്കാതെ പോകുന്ന മാസം
    - ലോകങ്ങളുടെ റബ്ബിലേക്ക് കർമ്മങ്ങൾ ഉയർത്തപ്പെടുന്ന മാസം.
- ശഅ്ബാൻ പകുതിയായാൽ
    - നോമ്പെടുക്കാൻ ഉദ്ദേശിക്കുന്നവർ ശ്രദ്ധിക്കുക!
    - ശഅ്ബാൻ പതിനഞ്ചിന്റെ രാവിൽ പ്രത്യേകം ഇബാദത്തുകളില്ല
    - ശഅ്ബാൻ പാതിയുടെ രാവിനുള്ള സവിശേഷത
    - മുശ്രിക്കും മുശാഹിനും: ഒരു ലഘു വിവരണം.

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا، قَالَتْ:
كَانَ رَسُولُ اللَّهِ ﷺ يَصُومُ حَتَّى نَقُولَ: لَا يُفْطِرُ،
وَيُفْطِرُ حَتَّى نَقُولَ: لَا يَصُومُ.
فَمَا رَأَيْتُ رَسُولَ اللَّهِ ﷺ اسْتَكْمَلَ صِيَامَ شَهْرٍ إِلَّا رَمَضَانَ،
وَمَا رَأَيْتُهُ أَكْثَرَ صِيَامًا مِنْهُ فِي شَعْبَانَ.

[متفق عليه]

ആഇശ رَضِيَ ٱللَّهُ عَنْهَا പറയുന്നു: അല്ലാഹുവിന്റെ റസൂൽ صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ നോമ്പു നോൽക്കുമായിരുന്നു; അവിടുന്ന് ഇനി നോമ്പ് അവസാനിപ്പിക്കില്ലായിരിക്കും എന്ന് ഞങ്ങൾ പറയുന്നതുവരെ. അദ്ദേഹം നോമ്പ് അവസാനിപ്പിക്കുമായിരുന്നു; അവിടുന്ന് ഇനി നോമ്പ് നോൽക്കില്ലായിരിക്കും എന്ന് ഞങ്ങൾ പറയുന്നതുവരെ. അല്ലാഹുവിന്റെ റസൂൽ صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ റമദാനിലല്ലാതെ ഒരുമാസത്തെ നോമ്പ് പൂർണ്ണമായി എടുക്കുന്നത് ഞാൻ കണ്ടിട്ടില്ല. ശഅ്ബാനിലേതുപോലെ മറ്റൊരു മാസവും അവിടുന്ന് നോമ്പെടുക്കുന്നതായി ഞാൻ കണ്ടിട്ടില്ല.

[ബുഖാരിയും മുസ്‌ലിമും ഒന്നിച്ച് ഉദ്ധരിച്ചത്]

ഈ ഹദീസിൽ നിന്നുള്ള ചില പാഠങ്ങൾ:

- നബി ﷺ യുടെ സുന്നത്ത് നോമ്പുകളുടെ പൊതുവായ രീതി. ചിലപ്പോൾ നോമ്പ് തുടങ്ങിയാൽ പിന്നെ അധികനാളും നോമ്പുതന്നെ. അല്ല നോമ്പ് അവസാനിപ്പിച്ചാൽ പിന്നെ അധികനാളും നോമ്പില്ലാതെ തുടരും.

- ഒരു മാസം മുഴുവനും നോമ്പ് നോറ്റിരുന്നത് റമദാനിൽ മാത്രം. ആഇശ رَضِيَ ٱللَّهُ عَنْهَا യിൽ നിന്നുള്ള മറ്റൊരു രിവായത്തിൽ ഇപ്രകാരം കാണാം:

  وَلَا صَامَ شَهْرًا كَامِلًا غَيْرَ رَمَضَان

  "അവിടുന്ന് ഒരു മാസം മുഴുവനായും നോമ്പെടുത്തിട്ടില്ല; റമദാനിലല്ലാതെ." [മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്]

- റമദാനല്ലാത്ത മാസങ്ങളിൽ ഏതൊക്കെ ദിവസം നോമ്പെടുത്താലും ശനിയാഴ്ച അതിൽ നിന്ന് ഒഴിവാക്കും. കാരണം ഫർളല്ലാത്ത മറ്റൊരു നോമ്പും ശനിയാഴ്ച എടുക്കരുതെന്ന് അവിടുന്ന് വിലക്കിയിട്ടുള്ളതാണ്.

عَنْ عَبْدِ اللهِ بْنِ بُسْرٍ، عَنْ أُخْتِهِ، أَنَّ رَسُولَ اللهِ ﷺ قَالَ:
لَا تَصُومُوا يَوْمَ السَّبْتِ إِلَّا فِيمَا افْتَرَضَ اللَّهُ عَلَيْكُمْ،
فَإِنْ لَمْ يَجِدْ أَحَدُكُمْ إِلَّا لِحَاءَ عِنَبَةٍ أَوْ عُودَ شَجَرَةٍ فَلْيَمْضُغْهُ.
[رواه الترمذي وأبو دَاوُد وصححه الألباني]

അബ്ദുല്ല ബിൻ ബുസ്ർ അദ്ദേഹത്തിന്റെ സഹോദരിയിൽ നിന്ന് رَضِيَ ٱللَّهُ عَنْهَا നിവേദനം. നിശ്ചയമായും അല്ലാഹുവിന്റെ റസൂൽ

صَلَّى ٱللَّٰهُ عَلَيْهِ وَسَلَّمَ പറയുന്നു: "ശനിയാഴ്ച ദിവസം അല്ലാഹു നിങ്ങൾക്കുമേൽ ഫർളാക്കിയതല്ലാത്ത ഒരു നോമ്പും എടുക്കരുത്. നിങ്ങളിലൊരുവന് ഒരു മുന്തിരിവള്ളിയോ, അല്ലെങ്കിൽ മരത്തിന്റെ ഒരു കമ്പോ അല്ലാതെ മറ്റൊന്നും കിട്ടിയില്ലെങ്കിൽ അത് ചവച്ചി റക്കട്ടെ അവൻ". [തിർമുദി, അബൂ ദാവൂദ്]

- നബി صَلَّى ٱللَّٰهُ عَلَيْهِ وَسَلَّمَ ശഅ്ബാനിലും മറ്റ മാസങ്ങളിലും സുന്നത്ത് നോമ്പെടുത്തിരുന്നു.
- ശഅ്ബാനിലാണ് ഏറ്റവുമധികം സുന്നത്ത് നോമ്പെടുത്തിരുന്നത്.

• • •

## ശഅ്ബാൻ മുഴുവൻ നോമ്പെടുത്തിരുന്നോ?

ആഇശ رَضِيَ ٱللَّٰهُ عَنْهَا യിൽ നിന്നുള്ള ഒരു രിവായത്തിൽ ഇപ്രകാരം കാണാം:

لَمْ يَكُنِ النَّبِيُّ ﷺ يَصُومُ شَهْرًا أَكْثَرَ مِنْ شَعْبَانَ؛ فَإِنَّهُ كَانَ يَصُومُ شَعْبَانَ كُلَّهُ. [رواه البخاري]

"ശഅ്ബാൻ പോലെ മറ്റൊരു മാസം നബി ﷺ നോമ്പു നോറ്റിരുന്നില്ല; അവിടുന്ന് ശഅ്ബാൻ മുഴുവൻ നോമ്പെടുത്തിരുന്നു."

[ബുഖാരി സ്വഹീഹിൽ ഉദ്ധരിച്ചത്]

ആഇശ رَضِيَ ٱللَّٰهُ عَنْهَا യുടെ ഈ വാക്കും സമാനമായി വന്ന മറ്റ ചില പ്രയോഗങ്ങളും കൊണ്ടുള്ള വിവക്ഷ ശരിയാം വിധം മനസ്സിലാക്കാൻ

ഹാഫിള് ഇബ്നു ഹജർ رَحِمَهُ ٱللَّهُ നൽകിയ വിശദീകരണം ഏറെ സഹായകമാണ്. അദ്ദേഹം പറയുന്നു:

أي: كان يصوم معظمه، ونقل الترمذي عن ابن المبارك أنه قال: جائز في كلام العرب إذا صام أكثر الشهر أن يقول: صام الشهر كله. ويقال: قام فلان ليلته أجمع، ولعله قد تعشى واشتغل ببعض أمره. قال الترمذي: كأن ابن المبارك جمع بين الحديثين بذلك، وحاصله أن الرواية الأولى مفسرة للثانية مخصصة لها، وأن المراد بالكل الأكثر . [فتح الباري]

അതായത്, അദ്ദേഹം ശഅ്ബാനിന്റെ അധികഭാഗവും നോമ്പുനോറ്റിരുന്നു എന്നാണർത്ഥം. തിർമുദി ഇബ്നുൽ മുബാറകിൽ നിന്ന് ഉദ്ധരിക്കുന്നു, അദ്ദേഹം പറയുന്നു: മാസത്തിന്റെ അധികഭാഗവും നോമ്പുനോറ്റാൽ 'മാസം മുഴുക്കെ നോമ്പു നോറ്റ' എന്നു പറയുന്നത് അറബികളുടെ ഭാഷയിൽ സർവ്വാംഗീകൃതമാണ്. അതുപോലെ തന്നെ അവർ പറയാറുള്ളതാണ് 'ഇന്ന ഒരുവൻ അവന്റെ രാത്രി മുഴുക്കെ നിസ്കാരത്തിൽ കഴിച്ചുകൂട്ടി' എന്ന്. ഒരു പക്ഷേ അവൻ അത്താഴം കഴിക്കുകയും തന്റെ ചില ജോലികളിൽ വ്യാപൃതനാവുകയുമൊക്കെ ചെയ്തിരിക്കാം. തിർമുദി പറയുന്നു: ഇതിലൂടെ ഇബ്നുൽ മുബാറക് രണ്ട് ഹദീസുകളും ഒന്നിച്ചു ചേർത്തു. ചുരുക്കത്തിൽ, ആദ്യത്തെ രിവായത്ത് രണ്ടാമത്തേതിനെ വിശദമാക്കുന്നതും സവിശേഷമാക്കുന്ന തുമാണ്. 'മുഴുവൻ' എന്നതു കൊണ്ട് 'അധികഭാഗം' എന്നാണ് ഉദ്ദേശിക്കുന്നത്. [ഫത്ഹുൽബാരി]

ഇക്കാര്യം ഒന്നുകൂടി വ്യക്തമാക്കുന്ന ആഇശ رَضِيَ ٱللَّهُ عَنْهَا യുടെ ഒരു രിവായത്തു കൂടി കാണുക, അവർ പറയുന്നു:

وَلَمْ أَرَهُ صَائِمًا مِنْ شَهْرٍ قَطُّ، أَكْثَرَ مِنْ صِيَامِهِ مِنْ شَعْبَانَ، كَانَ يَصُومُ شَعْبَانَ كُلَّهُ، كَانَ يَصُومُ شَعْبَانَ إِلَّا قَلِيلًا. [رواه مسلم]

"ശഅ്ബാനിലേത് പോലെ മറ്റൊരു മാസത്തിലും അദ്ദേഹം അത്രയധികം നോമ്പ് നോൽക്കുന്നതായി ഞാൻ കണ്ടിട്ടില്ല. അവിടുന്ന് ശഅ്ബാൻ മുഴുവനും നോമ്പ് നോറ്റിരുന്നു, അവിടുന്ന് ശഅ്ബാനിൽ നിന്ന് അൽപ്പമൊഴികെ നോമ്പുനോറ്റിരുന്നു."

[മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്]

• • •

## ശഅ്ബാനിൽ സുന്നത്ത് നോമ്പ് അധികരിപ്പിക്കുന്നതിന്റെ കാരണവും അതിലടങ്ങിയ ചില പാഠങ്ങളും

عن أُسَامَة بْن زَيْدٍ رَضِيَ اللَّهُ عَنْهُ قَالَ: قُلْتُ: يَا رَسُولَ اللَّهِ، لَمْ أَرَكَ تَصُومُ شَهْرًا مِنَ الشُّهُورِ مَا تَصُومُ مِنْ شَعْبَانَ. قَالَ: "ذَلِكَ شَهْرٌ يَغْفُلُ النَّاسُ عَنْهُ بَيْنَ رَجَبٍ وَرَمَضَانَ، وَهُوَ شَهْرٌ تُرْفَعُ فِيهِ الْأَعْمَالُ إِلَى رَبِّ الْعَالَمِينَ، فَأُحِبُّ أَنْ يُرْفَعَ عَمَلِي وَأَنَا صَائِمٌ". [رواه النسائي وحسنه الألباني]

ഉസാമത് ബിൻ സൈദ് رَضِيَ اللَّهُ عَنْهُ പറയുന്നു: ഞാൻ ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ, ശഅ്ബാനിൽ എന്നപോലെ മറ്റൊരു മാസത്തിലും താങ്കൾ നോമ്പെടു ക്കുന്നത് എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ലല്ലോ? അവിടുന്ന് പറഞ്ഞു: "റജബിനും റമദാനിനുമിടയിൽ ജനങ്ങൾ ശ്രദ്ധിക്കാതെ പോകുന്ന മാസമാണത്. ലോകങ്ങളുടെ

റബ്ബിലേക്ക് കർമ്മങ്ങൾ ഉയർത്തപ്പെടുന്ന മാസം. അതിനാൽ എന്റെ കർമ്മങ്ങൾ ഞാൻ നോമ്പുകാരനായിരിക്കെ ഉയർത്തപ്പെടുന്നതാണ് എനിക്കിഷ്ടം." [നസാഈ സുനനിൽ ഉദ്ധരിച്ചത്]

ഈ ഹദീസിൽ നബി ﷺ ശഅ്ബാനിൽ നോമ്പ് അധികരിപ്പിക്കാനുള്ള കാരണങ്ങൾ വിവരിക്കുന്നു, അവ രണ്ടെണ്ണമാണ്.

## ഒന്ന്: റജബിനും റമദാനിനുമിടയിൽ ജനങ്ങൾ ശ്രദ്ധിക്കാതെ പോകുന്ന മാസം.

ജനങ്ങൾ അശ്രദ്ധമാകുന്ന അവസരങ്ങൾ പുണ്യകർമ്മങ്ങൾ കൊണ്ട് നിബിഢമാ ക്കുന്നത് അതിമഹത്തായ കാര്യമാണ്. അധികമാളുകളും മറന്നു പോകുന്ന സന്ദർഭ ങ്ങളിൽ അല്ലാഹുവിനെ സ്മരിക്കുന്നതും ദിക്റ് ചൊല്ലുന്നതും  വർദ്ധിച്ച പ്രതിഫല ത്തിന് അർഹമാക്കും. അങ്ങാടിയിൽ പ്രവേശിക്കുമ്പോൾ ചൊല്ലുന്ന ദിക്റിന് വാഗ്ദത്തം ചെയ്യപ്പെട്ട മഹത്തായ പ്രതിഫലം അതിന് ഉദാഹരണമാണ്.

عَنْ عمر بن الخطاب أَنَّ رَسُولَ اللَّهِ ﷺ قَالَ:
" مَنْ دَخَلَ السُّوقَ فَقَالَ: لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ حَيٌّ لَا يَمُوتُ، بِيَدِهِ الْخَيْرُ، وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ، كَتَبَ اللَّهُ لَهُ أَلْفَ أَلْفِ حَسَنَةٍ، وَمَحَا عَنْهُ أَلْفَ أَلْفِ سَيِّئَةٍ، وَرَفَعَ لَهُ أَلْفَ أَلْفِ دَرَجَةٍ". [رواه الترمذي وحسنه الألباني]

ഉമർ ബിനുൽ ഖത്താബ് رَضِيَ اللَّهُ عَنْهُ നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു: "ആരാണോ അങ്ങാടിയിലേക്ക് പ്രവേശിക്കുമ്പോൾ ഇപ്രകാരം പറയു ന്നത്: 'ന്യായമായും ആരാധിക്കപ്പെടാൻ അർഹനായി അല്ലാഹുവല്ലാതെ ആരുമില്ല, അവൻ ഏകനാകുന്നു, അവന് യാതൊരു പങ്കുകാരനുമില്ല, അവന്നാകുന്നു സർവ്വാ ധിപത്യം, അവന്നാകുന്നു സർവ്വ സ്തുതിയും, ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും അവനാണ്, അവൻ ജീവനുള്ളവനും അമരനുമാണ്, അവന്റെ കൈയിലാണ് എല്ലാ നന്മയും, അവൻ എല്ലാറ്റിനും കഴിവുള്ളവനുമാണ്.' അല്ലാഹു അവന് പത്ത് ലക്ഷം നന്മകൾ രേഖപ്പെടുത്തും, അവനിൽ നിന്ന് പത്ത് ലക്ഷം തിന്മകൾ മായ്ച്ച് കൊടുക്കും, അവന് പത്ത് ലക്ഷം ദറജ (സ്ഥാനം) ഉയർത്തിക്കൊടുക്കും." [തിർമുദി സുനനിൽ ഉദ്ധരിച്ചത്]

ഇപ്രകാരം ആരാരും നന്മകൾ ചെയ്യാനില്ലാതെ അശ്രദ്ധമാകുന്ന അവസരങ്ങളിൽ നന്മകളുമായി ക്ഷമയോടെ നിലകൊള്ളുന്നതിൽ അടങ്ങിയിരിക്കുന്ന ധാരാളം ഗുണങ്ങൾ പണ്ഡിതന്മാർ ഉണർത്തിയിട്ടുണ്ട്.

**അതിലൊന്ന്: أنه يكون أخفى അത് ഗോപ്യമായിരിക്കുമെന്നതാണ്.**

സുനനുകളും നവാഫിലുകളും കഴിയുന്നിടത്തോളം രഹസ്യമാക്കുന്നതാണ് ഉത്തമം. പ്രത്യേകിച്ച് നോമ്പ്... فإنه سر بين العبد وربه അത് അടിയനും അവന്റെ റബ്ബിനുമിടയിലുള്ള രഹസ്യമാണെന്നതാണ് കാര്യം. മറ്റാരുമറിയാതെ അല്ലാഹുവിന്റെ വജ്ഹിനുവേണ്ടി മാത്രം ഗോപ്യമാക്കി

സൂക്ഷിച്ചുവെക്കാവുന്ന പുണ്യകർമ്മങ്ങൾ കഴിയുന്നത്ര നമ്മുടെ പക്കൽ ഉണ്ടായിരിക്കണം.

عَنِ ابْنِ عُمَرَ، عَنِ النَّبِيِّ ﷺ وَذَكَرَ حَدِيثَ الْغَارِ. وَقَالَ فِي آخِرِهِ: فَقَالَ رَسُولُ اللَّهِ ﷺ: "مَنِ اسْتَطَاعَ مِنْكُمْ أَنْ تَكُونَ لَهُ خَبِيئَةٌ مِنْ عَمَلٍ صَالِحٍ فَلْيَفْعَلْ".

[رواه القضاعي في مسند الشهاب وصححه الألباني]

ഇബ്നു ഉമർ رَضِيَ ٱللَّهُ عَنْهُمَا നിവേദനം. നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ ഒരു ഗുഹയിൽ അകപ്പെട്ടുപോയ ആ ആളുകളുടെ കഥ വിവരിച്ചു. എന്നിട്ട് അതിന്റെ അവസാനം ഇങ്ങനെ പറഞ്ഞു: "നിങ്ങളിലൊരുത്തന് സൽകർമ്മങ്ങളിൽ നിന്ന് രഹസ്യമായത് ഉണ്ടായിരിക്കാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യട്ടെ." [ഖുദാഈ മുസ്നദുശ്ശിഹാബിൽ ഉദ്ധരിച്ചത്]

ഇബ്നു ജരീർ رَحِمَهُ ٱللَّهُ ഉണർത്തുന്നതു നോക്കൂ:

عن الحسن قال: إنْ كانَ الرجل لقد جمع القرآن، وما يشعرُ جارُه. وإن كان الرجل لقد فَقُه الفقهَ الكثير، وما يشعرُ به الناس. وإن كان الرجل ليصلي الصلاة الطويلة في بيته وعنده الزَّوْر، وما يشعرون به. ولقد أدركنا أقوامًا ما كان على الأرض من عمل يقدرون على أن يعملوه في السرّ فيكون علانية أبدًا! ولقد كان المسلمون يجتهدون في الدعاء، وما يُسمع لهم صوت، إن كان إلا همسًا بينهم وبين ربهم،

وذلك أن الله يقول: ﴿ادعوا ربكم تضرعًا وخفية﴾،

وذلك أن الله ذكر عبدًا صالحًا فرضي فعله فقال: ﴿إِذْ نَادَىٰ رَبَّهُ نِدَاءً خَفِيًّا ۝٣﴾،

[سورة مريم] [جامع البيان]

ഹസൻ رَحِمَهُ اللَّهُ പറയുന്നു: ഒരു മനുഷ്യൻ ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കി യിരിക്കും; അവന്റെ അയൽവാസി പോലും അറിഞ്ഞിട്ടുണ്ടാവില്ല. ഒരാൾ ധാരാളം അറിവു നേടിയിട്ടുണ്ടാകും; അത് ജനങ്ങൾക്ക് മനസ്സിലാവില്ല. ഒരാൾ തന്റെ വീട്ടിൽ വെച്ച് ദീർഘമായി നമസ്കരിക്കുന്നുണ്ടാവും, അവന്റെയടുക്കൽ വിരുന്നുകാരുണ്ടായിട്ട് അവരാരും അത് അറിയുന്നില്ല. എത്രയോ സജ്ജനങ്ങളെ നാം കണ്ടു, ഭൂമുഖത്ത് വെച്ച് അവർക്ക് രഹസ്യമായി ചെയ്യാൻ കഴിയുന്ന ഒരു സൽകർമ്മവും ഒരിക്കലും പരസ്യമാകുമായിരുന്നില്ല!

മുസ്‌ലിമീങ്ങൾ ദുആയിൽ കഠിനാദ്ധ്വാനം ചെയ്യുമായിരുന്നു, അവരുടെ ഒരു ഒച്ചപ്പാടും കേൾക്കുമായിരുന്നില്ല; അഥവാ ഉണ്ടായാൽ അവരുടെയും റബ്ബിന്റെയും ഇടയിലുള്ള നേർത്ത അടക്കം പറച്ചിൽ മാത്രം.
അത് എന്തുകൊണ്ടെന്നാൽ, അല്ലാഹു പറയുന്നു:
“താഴ്മയോടെയും രഹസ്യമായും നിങ്ങളുടെ റബ്ബിനോട് നിങ്ങൾ ദുആ ചെയ്യുവീൻ". (അഅ്റാഫ് 55)
അതുപോലെ അല്ലാഹു അവന്റെ സ്വാലിഹായ ഒരു ദാസനെ കുറിച്ച്, അദ്ദേഹത്തിന്റെ പ്രവൃത്തിയെ തൃപ്തിപ്പെട്ടുകൊണ്ട് സ്മരിക്കുന്നു:
“തന്റെ റബ്ബിനെ അദ്ദേഹം വളരെ രഹസ്യമായി വിളിച്ചു പ്രാർത്ഥിച്ച സന്ദർഭമോർക്കുക!". (മർയം 3) [ജാമിഉൽ ബയാൻ]

നോമ്പിന്റെ പ്രതിഫലം മറ്റു ആരാധനകളിൽ നിന്ന് വ്യതിരിക്തമാ-കുന്നത് അടിമയും റബ്ബിനുമിടയിലെ അതീവ രഹസ്യമാണത്

എന്നതുകൊണ്ടാണ്. അല്ലാഹുവിന്റെ റസൂൽ ﷺ വിവരിക്കുന്നത് കാണുക:

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ، قَالَ: قَالَ رَسُولُ اللَّهِ ﷺ:
"كُلُّ عَمَلِ ابْنِ آدَمَ يُضَاعَفُ الْحَسَنَةُ عَشْرُ أَمْثَالِهَا إِلَى سَبْعِمِائَةِ ضِعْفٍ، قَالَ اللَّهُ عَزَّ وَجَلَّ: إِلَّا الصَّوْمَ، فَإِنَّهُ لِي، وَأَنَا أَجْزِي بِهِ، يَدَعُ شَهْوَتَهُ، وَطَعَامَهُ مِنْ أَجْلِي، " [رواه مسلم]

അബൂ ഹുറൈയ്റഃ رَضِيَ اللَّهُ عَنْهُ നിവേദനം. അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു: "ആദം സന്തതിയുടെ എല്ലാ കർമ്മങ്ങളും ഇരട്ടിക്കും, ഒരു നന്മയുടെ പ്രതിഫലം തത്തുല്യമായ പത്തു മുതൽ എഴുന്നൂറ് ഇരട്ടിവരെ. അല്ലാഹു പറയുന്നു: നോമ്പ് ഒഴികെ, അത് എനിക്കുള്ളതാണ് എന്നതത്രെ കാര്യം. ഞാനാണ് അതിന് പ്രതിഫലം നിശ്ചയിക്കുന്നത്. അവൻ തന്റെ ഇച്ഛയും ഭക്ഷണവും വെടിഞ്ഞത് എനിക്കുവേണ്ടി മാത്രമാണ്." [മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്]

**മറ്റൊന്ന്: أنه أشق على النفوس അത് മനസ്സുകൾക്ക് ക്ലേശകരമായിരിക്കും.**

ആരാരും കൂടെയില്ലാതെ ഒറ്റക്ക് നന്മകൾ ചെയ്യുന്നത് അൽപ്പം പ്രയാസകരം തന്നെ യാണ്. എല്ലാരും ഉണർവ്വിലും ഉന്മേഷത്തിലും പുണ്യകർമ്മങ്ങളിൽ മുഴുകുന്ന നേരത്ത് പ്രയാസകരമായ കാര്യങ്ങൾക്കു പോലും ആശ്വാസം തോന്നുക സ്വാഭാവി കമാണ്. കൊടും വേനലിലെ ദീർഘമായ പകലുകളുമായി കഴിഞ്ഞുപോയ റമദാനുകളിൽ വലിയ പ്രയാസങ്ങളൊന്നും നമുക്കു തോന്നാതെ പോയതും, സുദീർ ഘമായ

രാത്രി നമസ്കാരങ്ങൾ പള്ളികളിൽ ജമാഅത്തായി നിർവ്വഹിച്ചപ്പോൾ മടുപ്പനുഭവപ്പെടാതിരുന്നതും അതുകൊണ്ടാണ്.

എന്നാൽ മറ്റെല്ലാവരും അശ്രദ്ധയിലായിരിക്കുമ്പോൾ നന്മയുടെ വഴിയിൽ ഏകാകിയായി സഞ്ചരിക്കുക പ്രയാസകരമാണ്. അതുകൊണ്ടു തന്നെ അത്തരം സന്ദർഭങ്ങളിൽ നന്മകളുമായി വേറിട്ടു നിൽക്കുന്ന, അപരിചിതത്വം അനുഭവിക്കേണ്ടി വരുന്ന 'ഗുറബാഉ'കൾക്ക് (الغرباء) വാഗ്ദത്തം ചെയ്യപ്പെട്ട പ്രതിഫലവും അത്രമേൽ വലുതാണ്. അവസാനകാലത്ത് നബി ﷺ യുടെ സുന്നത്ത് ജീവിപ്പിക്കുകയും, അദ്ദേഹം അന്ന് തന്റെ സ്വഹാബത്തിന് പഠിപ്പിച്ചുകൊടുത്ത ദീൻ അതിന്റെ ആദി പരിശുദ്ധിയോടെ ക്ഷമാപൂർവ്വം മുറുകെപ്പിടിക്കുകയും ചെയ്യുന്നവരെക്കുറിച്ച് വന്നിട്ടുള്ള ഏതാനും ഹദീസുകൾ കാണുക:

عَنْ عُتْبَةَ بْنِ غَزْوَانَ، أَخِي بَنِي مَازِنِ بْنِ صَعْصَعَةَ وَكَانَ مِنَ الصَّحَابَةِ، أَنَّ رَسُولَ اللَّهِ ﷺ قَالَ: «إِنَّ مِنْ وَرَائِكُمْ أَيَّامَ الصَّبْرِ لِلْمُتَمَسِّكِ فِيهِنَّ يَوْمَئِذٍ بِمَا أَنْتُمْ عَلَيْهِ أَجْرُ خَمْسِينَ مِنْكُمْ»، قَالُوا: يَا نَبِيَّ اللَّهِ أَوَ مِنْهُمْ؟ قَالَ: «بَلْ مِنْكُمْ» [أخرجه ابن نصر في السنة وصححه الألباني]

ഉത്ബത്ു ബിൻ ഗസ്‌വാൻ رَضِيَ ٱللَّهُ عَنْهُ നിവേദനം — അദ്ദേഹം ബനൂ മാസിൻ ബിൻ സ്വഅ്സ്വഅയുടെ സഹോദരനാണ്, സ്വഹാബിമാരിൽ പെട്ടയാളാണ് — നിശ്ചയ മായും അല്ലാഹുവിന്റെ റസൂൽ ﷺ പറയുന്നു: "നിങ്ങൾക്കു മുന്നിൽ ക്ഷമയുടെ നാളുകൾ വരാനിരിക്കുന്നു. ആ നാളുകളിൽ നിങ്ങളിന്ന് നിലകൊള്ളുന്ന നിലപാടു മുറുകെ പിടിക്കുന്നവന് നിങ്ങളുടെ കൂട്ടത്തിൽ അമ്പത് പേരുടെ പ്രതിഫലമുണ്ട്."

അവർ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, അതോ അവരുടെ കൂട്ടത്തിൽ ആണോ? അവിടുന്ന് പ്രതിവചിച്ചു: "അല്ല നിങ്ങളുടെ കൂട്ടത്തിൽ തന്നെ."

[ഇബ്നു നസ്വ്ർ സുന്നഃയിൽ ഉദ്ധരിച്ചത്]

عَنْ عَبْدِ اللهِ بْنِ مَسْعُودٍ، عَنِ النَّبِيِّ ﷺ قَالَ: «إِنَّ مِنْ وَرَائِكُمْ زَمَانَ صَبْرٍ، لِلْمُتَمَسِّكِ فِيهِ أَجْرُ خَمْسِينَ شَهِيدًا». فَقَالَ عُمَرُ: يَا رَسُولَ اللهِ، مِنَّا أَوْ مِنْهُمْ؟ قَالَ: «مِنْكُمْ»

[رواه الطبراني في الكبير وصححه الألباني]

അബ്ദുല്ല ബിൻ മസ്ഊദ് رَضِيَٱللَّهُعَنْهُ നിവേദനം. നബി صَلَّىٱللَّهُعَلَيْهِوَسَلَّمَ പറയുന്നു: "നിങ്ങൾക്കു മുന്നിൽ വരാനിരിക്കുന്നത് ക്ഷമയുടെ കാലമാണ്. അന്ന് സുന്നത്ത് മുറുകെ പിടിക്കുന്നവന് അമ്പത് ശഹീദുകളുടെ പ്രതിഫലമുണ്ട്." അപ്പോൾ ഉമർ رَضِيَٱللَّهُعَنْهُ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, ഞങ്ങളുടെ കൂട്ടത്തിൽ നിന്നോ അതോ അവരുടെ കൂട്ടത്തിൽ നിന്നോ? അവിടുന്ന് പ്രതിവചിച്ചു: "നിങ്ങളുടെ കൂട്ടത്തിൽ നിന്നു തന്നെ."

[ത്വബറാനി കബീറിൽ ഉദ്ധരിച്ചത്]

നബി صَلَّىٱللَّهُعَلَيْهِوَسَلَّمَ യും സ്വഹാബത്തും അന്ന് ഉൾക്കൊണ്ട ദീനുമായി അവർ സഞ്ചരിച്ച അതേ പാന്ഥാവിലൂടെ ഇന്ന് ഇക്കാലത്ത്, ഇസ്‌ലാമിന്റെ രണ്ടാമത്തെ ഗുർബത്തിൽ ഉറച്ചു നിൽക്കൽ വലിയ പ്രയാസം തന്നെയാണ്. അന്ന് അവർക്ക് കൂടെ നിൽക്കാനും സഹായിക്കാനും ആളുകളുണ്ടായി. സ്വഹാബത്തിന് മദീനയിൽ അല്ലാഹു സൗകര്യം ഒരുക്കിക്കൊടുത്തു. രണ്ടാമത്തെ ഗുർബത്തിൽ കൂടെ നിൽക്കാനും സഹായിക്കാനും ആളുകളുണ്ടാവില്ല. അതുകൊണ്ട് അന്ന്

അവരിലുള്ള അമ്പതുപേർക്ക് ലഭിച്ച പ്രതിഫലമാണ് ഇവർക്ക് അല്ലാഹുവിന്റെ റസൂൽ ﷺ വാഗ്ദാനം നൽകിയത്.

عَنْ أَبِي هُرَيْرَةَ، قَالَ: قَالَ رَسُولُ اللهِ ﷺ:
«بَدَأَ الْإِسْلَامُ غَرِيبًا، وَسَيَعُودُ كَمَا بَدَأَ غَرِيبًا، فَطُوبَى لِلْغُرَبَاءِ» [رواه مسلم]

അബൂ ഹുറൈയ്റ رَضِيَ ٱللَّٰهُ عَنْهُ നിവേദനം. അല്ലാഹുവിന്റെ റസൂൽ صَلَّى ٱللَّٰهُ عَلَيْهِ وَسَلَّمَ പറയുന്നു: "ഇസ്‌ലാം ആരംഭിച്ചത് അന്യതയനുഭവിച്ചുകൊണ്ടാണ്. തുടങ്ങിയതുപോലെ അന്യതനേരിടുന്ന അവസ്ഥയിലേക്ക് അത് മടങ്ങും. അപ്പോൾ അന്യതയനുഭവി ക്കുന്നവർക്ക് 'ത്വൂബാ'യുണ്ട്."

[മുസ്‌ലിം സ്വഹീഹിൽ ഉദ്ധരിച്ചത്]

عن عبد الله بن عمرو بن العاصي قال: قال رسول الله ﷺ ذات يوم ونحن عنده:
"طوبَى للغرباء"، فقيلِ: مَن الغرباءُ يا رسول الله؟، قال: "أُناسٌ صالحون، في أناسِ سُوءٍ كثيرٍ، مَنْ يَعْصِيهم أكثر ممن يطيعهم". [رواه أحمد وصححه الألباني]

അബ്ദുല്ല ബിൻ അംറ് ബിൻ അൽആസ്വ് رَضِيَ ٱللَّٰهُ عَنْهُمَا നിവേദനം. ഒരിക്കൽ ഞങ്ങൾ അല്ലാഹുവിന്റെ റസൂലിന്റെയടുക്കൽ ആയിരിക്കെ അവിടുന്ന് പറഞ്ഞു: "അന്യതയനുഭവിക്കുന്നവർക്ക് 'ത്വൂബാ'യുണ്ട്". അപ്പോൾ അദ്ദേഹം ചോദിക്കപ്പെട്ടു: അല്ലാഹുവിന്റെ റസൂലേ ആരാണ് അന്യതയനുഭവിക്കുന്നവർ? അവിടുന്ന് പ്രതിവചിച്ചു: "ധാരാളം മോശമായ ആളുകൾക്കു നടുവിൽ സ്വാലിഹീങ്ങളായ കുറച്ചുപേർ. അവരെ അനുസരിക്കുന്നവരെക്കാൾ അധികം ധിക്കരിക്കുന്നവരായിരിക്കും."

[അഹ്മദ് മുസ്നദിൽ ഉദ്ധരിച്ചത്]

അവർക്ക് വാഗ്ദത്തം ചെയ്യപ്പെട്ട ത്വൂബാ സ്വർഗ്ഗത്തിലെ വടവൃക്ഷമാണ്.

عَنْ أَبِي سَعِيدٍ الْخُدْرِيِّ، عَنْ رَسُولِ اللهِ ﷺ أَنَّ رَجُلًا قَالَ لَهُ: يَا رَسُولَ اللهِ، طُوبَى لِمَنْ رَآكَ، وَآمَنَ بِكَ، قَالَ: "طُوبَى لِمَنْ رَآنِي وَآمَنَ بِي، ثُمَّ طُوبَى، ثُمَّ طُوبَى، ثُمَّ طُوبَى لِمَنْ آمَنَ بِي وَلَمْ يَرَنِي"، قَالَ لَهُ رَجُلٌ: وَمَا طُوبَى؟ قَالَ: "شَجَرَةٌ فِي الْجَنَّةِ مَسِيرَةُ مِائَةِ عَامٍ، ثِيَابُ أَهْلِ الْجَنَّةِ تَخْرُجُ مِنْ أَكْمَامِهَا" [رواه أحمد وحسنه الألباني]

അബൂ സഈദ് അൽ ഖുദ്'രി رَضِيَ ٱللَّهُ عَنْهُ നിവേദനം. ഒരു മനുഷ്യൻ അല്ലാഹുവിന്റെ റസൂൽ ﷺ യോട് പറഞ്ഞു: താങ്കളെ കാണുകയും താങ്കളിൽ വിശ്വസിക്കുകയും ചെയ്തവർക്കല്ലെയോ ത്വൂബാ. അവിടുന്ന് പറഞ്ഞു: "എന്നെ കാണുകയും എന്നിൽ വിശ്വസിക്കുകയും ചെയ്തവർക്കാകുന്നു ത്വൂബാ. എന്നിൽ വിശ്വസിച്ച എന്നെ കണ്ടിട്ടില്ലാത്തവരുണ്ടല്ലോ, അവർക്കു ത്വൂബായുണ്ട്, പിന്നെയും ത്വൂബായുണ്ട്, പിന്നെയും ത്വൂബായുണ്ട്." ഒരാൾ അദ്ദേഹത്തോട് ചോദിച്ചു: എന്താണ് ത്വൂബാ? അവിടുന്ന് പ്രതിവചിച്ചു: "സ്വർഗ്ഗത്തിലെ ഒരു വൃക്ഷമാണത്, നൂറുവർഷമാണതിന്റെ സഞ്ചാരപരിധി, സ്വർഗ്ഗ-വാസികളുടെ വസ്ത്രങ്ങൾ അതിന്റെ തോലുകളിൽ നിന്ന് പുറത്തുവരുന്നു." [അഹ്'മദ് മുസ്'നദിൽ ഉദ്ധരിച്ചത്]

**മറ്റൊന്ന്: അവരെക്കൊണ്ട് അല്ലാഹു ജനങ്ങൾക്കുള്ള ശിക്ഷകൾ തടുക്കും**

അല്ലാഹു പറയുന്നു:

﴿وَلَوْلَا دَفْعُ ٱللَّهِ ٱلنَّاسَ بَعْضَهُم بِبَعْضٍ لَّفَسَدَتِ ٱلْأَرْضُ وَلَـٰكِنَّ ٱللَّهَ ذُو فَضْلٍ عَلَى ٱلْعَـٰلَمِينَ ﴿٢٥١﴾﴾ [البقرة]

“മനുഷ്യരിൽ ചിലരെ മറ്റുചിലരാൽ പ്രതിരോധിച്ചില്ലായിരുന്നുവെങ്കിൽ ഭൂമി നശിച്ചു പോയതുതന്നെ. മറിച്ച്, അല്ലാഹു ലോകരോട് ഏറെ ദയയുള്ളവനത്രെ.” [ബഖറഃ 251]

ശിർക്കും തിന്മകളും ചെയ്തുകൂട്ടുന്നവർ ഭൂമിക്ക് വരുത്തിവെക്കുന്ന നാശം അല്ലാഹുവിന്റെ ശിക്ഷയെ വിളിച്ചു വരുത്തുന്നു. ഭൂമിയിൽ തൗഹീദും സുന്നത്തും പുണ്യവും കൊണ്ട് കഴിയുന്ന സാത്വികരായ സജ്ജനങ്ങളെ-ക്കൊണ്ട് അല്ലാഹു അത് തടുത്തുകൊടുക്കുകയാണ്. ഈ വചനത്തിന്റെ തഫ്സീറിൽ ഉൾപ്പെടുന്നതായി മുഫസ്സിറുകൾ വിവരിച്ചിട്ടുള്ളതിന്റെ ചുരുക്കമാണിത്.

عَنْ عَوْنِ بْنِ عَبْدِ اللَّهِ قَالَ: «الذَّاكِرُ اللَّهَ فِي الْغَافِلِينَ كَالْمُقَاتِلِ خَلْفَ الْفَارِّينَ»

[الزهد لابن المبارك]

ഔൻ ബിൻ അബ്ദില്ല رَحِمَهُ ٱللَّهُ പറയുന്നു:
“അശ്രദ്ധയിൽ ആണ്ടുപോയവർക്കിടയിൽ അല്ലാഹുവിനെ സ്മരിക്കുന്നവൻ പിന്തിരിഞ്ഞോടുന്നവർക്കു ശേഷം യുദ്ധം ചെയ്യുന്ന പോരാളിയെപ്പോലെയാണ്.” [ഇബ്നുൽ മുബാറക് സുഹ്ദിൽ ഉദ്ധരിച്ചത്]

പണ്ഡിതന്മാർ പറയാറുണ്ട്:

لولا عبـــاد للإله ركع　　وصبية من اليتــــامى رضع

ومهملات في الفلاة رتع　　صب عليكم العذاب الموجع

[لطائف المعارف للحافظ ابن رجب]

അല്ലാഹുവിന്ന് റുകൂഅ് ചെയ്യുന്ന കുറച്ച് അടിയരും,
മുലയൂട്ടപ്പെടുന്ന അനാഥരായ കുറച്ച് കുട്ടികളും,
മരുഭൂവിലൂടെ അലയുന്ന കുറച്ച് നാൽക്കാലികളും ഇല്ലായിരുന്നേൽ;
വേദനിപ്പിക്കുന്ന ശിക്ഷ നിങ്ങൾക്കുമേൽ ചൊരിയപ്പെട്ടേനെ.
[ഇബ്നു റജബ് ലത്വാഇഫുൽ മആരിഫിൽ ഉദ്ധരിച്ചത്]

## രണ്ട്: ലോകങ്ങളുടെ റബ്ബിലേക്ക് കർമ്മങ്ങൾ ഉയർത്തപ്പെടുന്ന മാസം.

നബി ﷺ ശഅ്ബാനിൽ നോമ്പ് അധികരിപ്പിക്കാനുള്ള കാരണമായിപ്പറഞ്ഞ രണ്ടാമത്തേത്, ലോകങ്ങളുടെ റബ്ബിലേക്ക് കർമ്മങ്ങൾ ഉയർത്തപ്പെടുന്ന മാസമാണത്. നമ്മുടെ കർമ്മങ്ങൾ റബ്ബിന്റെയടുക്കലേക്ക് ഉയർത്തപ്പെടുകയും അവന്റെയടുക്കൽ പ്രദർശിപ്പിക്കപ്പെടുകയും ചെയ്യുന്ന വിവിധ ഇടവേളകളെ സംബന്ധിച്ച് നബി ﷺ ഉണർത്തിയിട്ടുണ്ട്. അവയുടെ ചുരുക്കം ഇമാം ഇബ്നുൽ ഖയ്യിം رَحِمَهُ ٱللَّهُ വിവരിക്കുന്നത് ഇപ്രകാരം കാണാം:

ونظير هذا أيضاً رفع الأعمال وعرضها على الله فإن عمل العام يرفع في شعبان كما أخبر به الصادق المصدوق أنه شهر ترفع فيه الأعمال، قال: "فَأُحِبُّ أَنْ يُرْفَعَ عملي وَأَنَا صَائِمٌ"، ويعرض عمل الأُسبوع يوم الاثنين والخميس كما ثبت ذلك عن النبي ﷺ، ويعرض عمل اليوم في آخره والليلة في آخرها كما في حديث أبي موسى الذى رواه البخاري عن النبي ﷺ: "أن الله لا ينام ولا ينبغي له أن ينام، يخفض القسط ويرفعه، يرفع إليه عمل الليل قبل النهار وعمل النهار قبل الليل"، فهذا الرفع والعرض اليومي أخص من العرض يوم

الاثنين والخميس، والعرض فيها أخص من العرض في شعبان، ثم إذا انقضى
الأجل رفع العمل كله وعرض على الله وطويت الصحف، وهذا عرض آخر. [طريق الهجرتين]

അതുപോലെ തന്നെയാണ് കർമ്മങ്ങൾ ഉയർത്തലും അല്ലാഹുവിന്റെ മുന്നിൽ അവ പ്രദർശിപ്പിക്കലും. ഒരു വർഷത്തെ കർമ്മങ്ങൾ ശഅ്ബാനിൽ ഉയർത്തപ്പെട്ടും. സത്യസന്ധനും വിശ്വസ്തനുമായ നബി ﷺ അറിയിച്ചുതന്നതു പ്രകാരം കർമ്മങ്ങൾ ഉയർത്തപ്പെടുന്ന മാസമാണത്. അവിടുന്ന് പറഞ്ഞു: "അതിനാൽ എന്റെ കർമ്മങ്ങൾ ഞാൻ നോമ്പുകാരനായിരിക്കെ ഉയർത്തപ്പെടുന്നതാണ് എനിക്കിഷ്ടം." നബി ﷺ യിൽ നിന്ന് സ്ഥിരപ്പെട്ടുവന്നതു പ്രകാരം ഒരു ആഴ്ചയിലെ കർമ്മങ്ങൾ പ്രദർശിക്കപ്പെടുന്നത് തിങ്കളാഴ്ചയും വ്യാഴായ്ച്ചയുമാണ്. ഒരു ദിവസത്തെ കർമ്മങ്ങൾ പ്രദർശിക്കപ്പെടുന്നത് അതിന്റെ അവസാനത്തിലും, രാത്രിയിലേത് അതിന്റെ ഒടുക്കത്തിലു-മാണ്. ഇമാം ബുഖാരി رَحِمَهُ ٱللَّهُ അബൂ മൂസ رَضِيَ ٱللَّهُ عَنْهُ വിൽ നിന്ന് നിവേദനം ചെയ്തിട്ടുള്ള ഹദീസിൽ വന്നത് ഇപ്രകാരമാണ്, നബി ﷺ പറയുന്നു: "നിശ്ചയമായും അല്ലാഹു ഉറങ്ങുകയില്ല, ഉറങ്ങുക എന്നത് അവന് ചേർന്നതുമല്ല, ത്രാസിനെ അവൻ താഴ്ത്തുകയും ഉയർത്തുകയും ചെയ്യുന്നു. രാത്രിയിലെ കർമ്മങ്ങൾ പകലിനു മുന്നെയും, പകലിലെ കർമ്മങ്ങൾ രാത്രിക്കു മുന്നെയും അവനിലേക്ക് ഉയർത്തപ്പെടുന്നു." ദിനേനയുള്ള ഈ ഉയർത്തലും പ്രദർശനവും തിങ്കളാഴ്ചയും വ്യാഴായ്ച്ചയു-മുള്ള പ്രദർശനത്തെക്കാൾ സവിശേഷമാണ്. അവയിലുള്ള പ്രദർശന-മാകട്ടെ ശഅ്ബാനിലെ പ്രദർശനത്തെക്കാൾ സവിശേഷമാണ്. പിന്നെ അവധി എത്തിക്കഴിഞ്ഞാൽ എല്ലാ കർമ്മങ്ങളും ഉയർത്തപ്പെടുകയും

അല്ലാഹുവിന്റെയടുക്കൽ പ്രദർശിപ്പിക്കപ്പെട്ടുകയും ഏടുകൾ ചുരുട്ടപ്പെ-ട്ടുകയും ചെയ്യും, അത് മറ്റൊരു പ്രദർശനമാണ്.

[ത്വരീഖുൽ ഹിജ്റതയ്ൻ]

ഇങ്ങനെ ചില ഇടവേളകളിൽ കർമ്മങ്ങൾ അല്ലാഹുവിലേക്ക് ഉയർത്തപ്പെടുന്നതു സംബന്ധിച്ച് നമുക്ക് നൽകിയ അറിയിപ്പ് നമ്മോടുള്ള കാരുണ്യമാണ്. വിചാരണ നേരിടും മുമ്പേ ആത്മവിചാരണക്കുള്ള സുവർണ്ണാവസരം. നന്മകളിൽ കൂടുതൽ ഉത്സുകരാകാനുള്ള പ്രേരകം. തിന്മകളിൽ മുട്ടറച്ചുപോകാതെ പശ്ചാത്തപിച്ച മടങ്ങാനുള്ള താക്കീത്. അല്ലാഹു നമ്മോട് എത്രമാത്രം ദയാപരനായ കാരുണ്യവാൻ!

## കർമ്മങ്ങൾ ഉയർത്തപ്പെടുമ്പോൾ നോമ്പുകാരനായിരിക്കൽ

നോമ്പുകാരനായിരിക്കെ തന്റെ കർമ്മങ്ങൾ റബ്ബിലേക്ക് ഉയർത്തപ്പെടുന്നതും അവന്റെയടുക്കൽ പ്രദർശിപ്പിക്കപ്പെടുന്നതുമാണ് നബി ﷺ ഇഷ്ടപ്പെട്ടത്. തിങ്കളാഴ്ചയു ടെയും വ്യാഴാഴ്ചയുടെയും കാര്യത്തിൽ ഇതുപോലെ തന്നെ അവിടുന്ന് ഉണർത്തു ന്നത് കാണാം.

" ذَانِكَ يَوْمَانِ تُعْرَضُ فِيهِمَا الْأَعْمَالُ عَلَى رَبِّ الْعَالَمِينَ، وَأُحِبُّ أَنْ يُعْرَضَ عَمَلِي وَأَنَا صَائِمٌ " .

[رواه النسائي وحسنه الألباني]

“ലോകങ്ങളുടെ റബ്ബിന്റെയടുക്കൽ കർമ്മങ്ങൾ പ്രദർശിപ്പിക്കപ്പെടുന്ന ദിനങ്ങളാണ് അവ രണ്ടും, അതിനാൽ എന്റെ കർമ്മങ്ങൾ ഞാൻ

നോമ്പുകാരനായിരിക്കെ പ്രദർശിപ്പിക്കപ്പെടുന്നതാണ് എനിക്കിഷ്ടം."

[നസാഈ സുനനിൽ ഉദ്ധരിച്ചത്]

കാരണം നോമ്പ് അത്രമേൽ അതുല്യവും അമൂല്യവുമായ ഇബാദത്താണ്.

عن أَبِي أُمَامَةَ قَالَ: أَتَيْتُ رَسُولَ اللَّهِ ﷺ، فَقُلْتُ: مُرْنِي بِأَمْرٍ آخُذُهُ عَنْكَ. (وفي رواية: مُرْنِي بِعَمَلٍ يُدْخِلُنِي الْجَنَّةَ. وفي رواية: أَيُّ الْعَمَلِ أَفْضَلُ؟) قَالَ: " عَلَيْكَ بِالصَّوْمِ؛ فَإِنَّهُ لَا مِثْلَ لَهُ" (وفي رواية: "عَلَيْكَ بِالصَّوْمِ؛ فَإِنَّهُ لَا عِدْلَ لَهُ") [رواه أحمد والنسائي وصححه الألباني]

അബൂ ഉമാമഃ رَضِيَ ٱللَّٰهُ عَنْهُ പറയുന്നു: ഞാൻ അല്ലാഹുവിന്റെ റസൂലിന്റെയടുക്കൽ ചെന്ന് ചോദിച്ചു: എനിക്ക് താങ്കളിൽ നിന്ന് സ്വീകരിച്ച് മുറുകെ പിടിക്കാവുന്ന ഒന്നു കൊണ്ട് താങ്കൾ എന്നോട് കൽപ്പിച്ചാലും. (മറ്റൊരു നിവേദനത്തിൽ: എന്നെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്ന ഒരു കർമ്മം കൊണ്ട് താങ്കൾ എന്നോട് കൽപ്പിച്ചാലും. മറ്റൊരു നിവേദനത്തിൽ: ഏറ്റവും ശ്രേഷ്ഠമായ കർമ്മമേതാണ്?) അവിടുന്ന് പ്രതിവചിച്ചു: "നീ നോമ്പ് മുറുകെ പിടിക്കുക, അതിനു തുല്യമായി മറ്റൊന്നില്ല എന്നതാണ് കാര്യം." (മറ്റൊരു നിവേദനത്തിൽ: "നീ നോമ്പ് മുറുകെ പിടിക്കുക, അതിനു പകരംവെക്കാൻ മറ്റൊന്നില്ല എന്നതാണ് കാര്യം.") [അഹ്മദ് മുസ്നദിലും നസാഈ സുനനിലും ഉദ്ധരിച്ചത്]

ആരാധനകളുടെ ആത്മാവ് അല്ലാഹുവിനെക്കുറിച്ച സ്മരണയാണ്. പ്രഭാതോദയം മുതൽ അസ്തമയം വരെ ദിക്റിലായിരിക്കാൻ സഹായകമായി നോമ്പുപോലെ മറ്റൊന്നില്ല. ഉറക്കിൽപോലും അവൻ

നോമ്പുകാരൻ തന്നെ. അവന് പ്രതിഫലം എഴുതപ്പെടുന്നു. നന്മകൾക്ക് പൊതുവെ ഒന്നിന് പത്തിരട്ടിയാണ് പ്രതിഫലം. നോമ്പാകട്ടെ അല്ലാഹുവിനുള്ളതാണ്, അവനാണ് അതിന് പ്രതിഫലം കണക്കാക്കുന്നത്. അടിമയും റബ്ബും തമ്മിലുള്ള രഹസ്യമാണ് നോമ്പ്. അതിനു തുല്യം മറ്റൊന്നില്ല, പകരംവെക്കാൻ വേറൊന്നില്ല.

ഇബ്നു റജബ് رَحِمَهُ ٱللَّهُ പറയുന്നു:

إلا الصيام فإنه لا ينحصر تضعيفه في هذا العدد، بل يضاعفه الله عز وجل أضعافا كثيرة بغير حصر عدد فإن الصيام من الصبر وقد قال الله تعالى: ﴿إِنَّمَا يُوَفَّى الصَّابِرُونَ أَجْرَهُم بِغَيْرِ حِسَابٍ﴾ (الزمر: ١٠) ولهذا ورد عن النبي ﷺ: أنه سمى شهر رمضان شهر الصبر... والصبر ثلاثة أنواع: صبر على طاعة الله وصبر عن محارم الله وصبر على أقدار الله المؤلمة. وتجتمع الثلاثة في الصوم فإن فيه صبرا على طاعة الله وصبرا عما حرم الله على الصائم من الشهوات وصبرا على ما يحصل للصائم فيه من ألم الجوع والعطش وضعف النفس والبدن وهذا الألم الناشئ من أعمال الطاعات يثاب عليه صاحبه كما قال الله تعالى في المجاهدين: ﴿ذَٰلِكَ بِأَنَّهُمْ لَا يُصِيبُهُمْ ظَمَأٌ وَلَا نَصَبٌ وَلَا مَخْمَصَةٌ فِي سَبِيلِ ٱللَّهِ وَلَا يَطَـُٔونَ مَوْطِئًا يَغِيظُ ٱلْكُفَّارَ وَلَا يَنَالُونَ مِنْ عَدُوٍّ نَّيْلًا إِلَّا كُتِبَ لَهُم بِهِۦ عَمَلٌ صَـٰلِحٌ ۚ إِنَّ ٱللَّهَ لَا يُضِيعُ أَجْرَ ٱلْمُحْسِنِينَ﴾ (التوبة ١٢٠) [لطائف المعارف]

നോമ്പൊഴികെ, അതിനെ ഇരട്ടിപ്പിക്കൽ ഈ എണ്ണത്തിൽ പരിമിതമാവില്ലെന്നതാണ് കാര്യം. മറിച്ച്, അല്ലാഹു عز وجل ക്ലിപ്തമായ എണ്ണം കണക്കാക്കാതെ അതിനെ ഇരട്ടിപ്പിക്കുന്നു. കാരണം നോമ്പ് ക്ഷമയിൽ പെട്ടതാണ്.

“ക്ഷമാലുക്കൾക്ക് അവരുടെ പ്രതിഫലം കണക്കില്ലാതെ പൂർത്തീകരിച്ചുകൊടുക്കുക തന്നെ ചെയ്യും.” (സുമർ 10) എന്നാണ് അല്ലാഹു تعالى പറഞ്ഞിട്ടുള്ളത്. അതുകൊണ്ടു തന്നെ റമദാനിനെ ക്ഷമയുടെ മാസം എന്ന് വിശേഷിപ്പിച്ചതായി നബി ﷺ യിൽ നിന്ന് വന്നിട്ടുണ്ട്... ക്ഷമ മൂന്ന് ഇനമാണ്. അല്ലാഹുവിന്ന് ആരാധനകള-നുഷ്ഠിക്കുന്നതിലുള്ള ക്ഷമ, അവന്റെ വിലക്കുകൾ മറികടക്കാതിരി-ക്കാനുള്ള ക്ഷമ, അല്ലാഹുവിന്റെ വിധിയിൽ വേദനിപ്പിക്കുന്നവ സഹിക്കുന്നതിലുള്ള ക്ഷമ. ഇവ മൂന്നും നോമ്പിൽ ഒന്നിച്ചുവരുന്നു. അതിൽ അല്ലാഹുവിന്ന് ആരാധനകളനുഷ്ഠിക്കുന്നതിലുള്ള ക്ഷമയുണ്ട്. നോമ്പുകാരന് തന്റെ ഇഛകളിൽ നിന്ന് അല്ലാഹു വിലക്കിയതിലുള്ള ക്ഷമയുണ്ട്. നോമ്പുകാരൻ അനുഭവിക്കേണ്ടി വരുന്ന വിശപ്പിന്റെയും ദാഹത്തിന്റെയും, ശാരീരിക-മാനസിക ക്ഷീണത്തിന്റെയും വേദനകളിലുള്ള ക്ഷമയുണ്ട്. പുണ്യകർമ്മങ്ങൾ കാരണമായുണ്ടാകുന്ന ഈ വേദനകൾക്ക് അവന് പ്രതിഫലം നൽകപ്പെടും. യോദ്ധാക്കളെ-ക്കുറിച്ച് അല്ലാഹു പറഞ്ഞതുപോലെ: “അത് എന്തുകൊണ്ടെന്നാൽ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യാതൊരു ദാഹമോ ക്ഷീണമോ വിശപ്പോ അവർക്ക് ബാധിക്കുന്നില്ല, സത്യനിഷേധികൾക്ക് കോപമുണ്ടാക്കുന്നിടത്ത് അവർ കാലടിവെക്കുന്നുമില്ല, ശത്രുവിന്ന് അവർ ഒരു ഉപദ്രവവും ഏൽപ്പിക്കുന്നുമില്ല, അതിലൂടെ അവർക്ക് ഒരു പുണ്യകർമ്മം രേഖപ്പെടുത്തപ്പെട്ടിട്ടല്ലാതെ. നിശ്ചയമായും അല്ലാഹു മുഹ്സിനീങ്ങൾക്കുള്ള പ്രതിഫലം നഷ്ട പ്പെടുത്തുകയില്ല.” (തൗബ 120)

[ലത്വാഇഫുൽ മആരിഫ്]

**ശഅ്ബാനിലെ നോമ്പുകൾ ശ്രേഷ്ഠമാകുന്നത്...**

ഇമാം ഇബ്നു റജബ് رحمه الله പറയുന്നു:

فظهر بهذا أفضل التطوع ما كان قريبا من رمضان قبله وبعده وذلك يلتحق بصيام رمضان لقربه منه وتكون منزلته من الصيام بمنزلة السنن الرواتب مع الفرائض قبلها وبعدها فيلتحق بالفرائض في الفضل وهي تكملة لنقص الفرائض وكذلك صيام ما قبل رمضان وبعده فكما أن السنن الرواتب أفضل من التطوع المطلق بالصلاة فكذلك صيام ما قبل رمضان وبعده أفضل من صيام ما بعد منه. [لطائف المعارف]

ഇതിലൂടെ വ്യക്തമാകുന്ന കാര്യം, ഐച്ഛികമായ നോമ്പുകളിൽ ഏറ്റവും ശ്രേഷ്ഠം അതിന്റെ മുമ്പോ ശേഷമോ ആയി റമദാനിനോട് ചേർന്നു-വരുന്നവയാണ്. സാമീപ്യം കൊണ്ട് റമദാനിലെ നോമ്പിലേക്കാണ് അവ ചേരുന്നത്. അതിനാൽ നോമ്പുകളുടെ കൂട്ടത്തിൽ അതിന്റെ സ്ഥാനം ഫർദുകളുടെ കൂടെ അവയുടെ മുമ്പോ ശേഷമോ ഉള്ള റവാതിബിന്റേതു പോലെയാണ്. ശ്രേഷ്ഠതയിൽ അവ ഫർദിനോട് ചേർന്നുനിൽക്കുകയും, ഫർദുകളിൽ വരുന്ന കുറവുകൾ പൂർത്തീകരിക്കുകയും ചെയ്യുന്നു. അപ്ര-കാരം തന്നെയാണ് റമദാനിന് മുമ്പോ ശേഷമോ വരുന്ന നോമ്പുകളും. നിരുപാധിക ഐച്ഛിക നമസ്കാരങ്ങളെക്കാൾ ശ്രേഷ്ഠമാണ് സുനനകളും റവാതിബുകളും എന്നതുപോലെ, നോമ്പുകളിൽ റമദാനിന്റെ മുമ്പോ ശേഷമോ വരുന്നവ അതിൽ നിന്ന് ദൂരെയാകുന്നവയെക്കാൾ ശ്രേഷ്ഠമാണ്. [ലത്വാഇഫുൽ മആരിഫ്]

• • •

# ശഅ്ബാൻ പകുതിയായാൽ

## ശഅ്ബാനിലെ നോമ്പെടുക്കാൻ ഉദ്ദേശിക്കുന്നവർ ശ്രദ്ധിക്കുക!

ശഅ്ബാനിലെ നോമ്പിന്റെ ശ്രേഷ്ഠത മനസ്സിലാക്കിയവർ അതിന്റെ കൂടെ അറിയേണ്ട ഒരു പ്രധാനപ്പെട്ട ഉണർത്തൽ നബി ﷺ നൽകിയിട്ടുണ്ട്.

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ ﷺ قَالَ: "إِذَا انْتَصَفَ شَعْبَانُ فَلَا تَصُومُوا"
[رواه أبو داود وصححه الألباني]

അബൂ ഹുറൈറ(رَضِيَ اللَّهُ عَنْهُ) നിവേദനം. നിശ്ചയമായും അല്ലാഹുവിന്റെ റസൂൽ صَلَّى اللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: "ശഅ്ബാൻ പകുതി ആയാൽ നിങ്ങൾ നോമ്പെടുക്കരുത്." [അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്]

ഈ ഹദീസിന്റെ വിവക്ഷ മുകളിൽ നാം വിവരിച്ച മറ്റു ഹദീസുകൾ കൂടി ചേർത്തുവെച്ചുകൊണ്ട് പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ ചുരുക്കം ഇങ്ങനെയാണ്:

قال الإمام ابن باز رحمه الله تعالى: «كان النبي ﷺ يصوم شعبان كله وربما صامه إلا قليلًا. أما الحديث الذي فيه النهي عن الصوم بعد انتصاف شعبان فهو صحيح، كما قال الأخ العلامة الشيخ ناصر الدين الألباني، والمراد به النهي عن ابتداء الصوم بعد النصف. أما من صام أكثر الشهر أو الشهر كله فقد أصاب السنة». [مجموع الفتاوى]

ഇമാം ഇബ്നു ബാസ് رَحِمَهُ ٱللَّهُ പറയുന്നു: നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ ശഅ്ബാൻ മുഴുവനും, ചിലപ്പോൾ അൽപമൊഴിച്ച് ഏതാണ്ട് മുഴുവനും നോമ്പു നോൽക്കാറുണ്ടായിരുന്നു. അപ്പോൾ ശഅ്ബാൻ പകുതിയായിക്കഴി-ഞ്ഞാൽ നോമ്പെടുക്കുന്നതിനെ വിലക്കുന്ന ഹദീഥോ?! അത് നമ്മുടെ സഹോദരൻ അല്ലാമാ ശൈഖ് നാസിറുദ്ദീൻ അൽബാനി പറഞ്ഞതു-പോലെ സ്വഹീഹാണ്. അതുകൊണ്ടുദ്ദേശിക്കുന്നത് ശഅ്ബാൻ പകുതി കഴിഞ്ഞിട്ട് നോമ്പു തുടങ്ങുന്നതിനുള്ള വിലക്കാണ്. എന്നാൽ ആരാണോ ആ മാസത്തിലെ അധികം ദിവസങ്ങളും അല്ലെങ്കിൽ ഏതാണ്ട് മാസം മുഴുക്കെ നോമ്പെടുക്കുന്നത് അവൻ സുന്നത്തിനോട് യോജിച്ചവനാകും. [മജ്മൂഉൽ ഫതാവാ]

അതിനാൽ ശഅ്ബാനിൽ സുന്നത്തു നോമ്പുകൾ എടുക്കാനുദ്ദേശിക്കു-ന്നവർ അതിന്റെ പകുതിക്കു മുമ്പേ തുടങ്ങണം. അങ്ങനെ തുടങ്ങിയവർക്ക് അവസാനം വരെ കഴിയുന്നത്ര നോമ്പെടുക്കാം. പകുതിക്കു ശേഷം നോമ്പ് തുടങ്ങരുത്.

അതിൽ അടങ്ങിയിരിക്കുന്ന മറ്റൊരു ഗുണപാഠവും കൂടി സൂചിപ്പിക്കാം. റമദാനിനെ ഒന്നോ രണ്ടോ ദിവസം കൊണ്ട് മുന്തിച്ച് നോമ്പെടുക്കുന്ന-തിനെ നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ വിലക്കിയിട്ടുണ്ട്.

عن ابن عبَّاسٍ يقولُ: قَالَ رَسُولُ اللهِ ﷺ: " صُومُوا لِرُؤْيَتِهِ، وَأَفْطِرُوا لِرُؤْيَتِهِ، فَإِنْ حَالَ بَيْنَكُمْ وَبَيْنَهُ سَحَابَةٌ أَوْ ظُلْمَةٌ، فَأَكْمِلُوا الْعِدَّةَ عِدَّةَ شَعْبَانَ، وَلَا تَسْتَقْبِلُوا الشَّهْرَ اسْتِقْبَالًا، وَلَا تَصِلُوا رَمَضَانَ بِيَوْمٍ مِنْ شَعْبَانَ ". [رواه النسائي وصححه الألباني]

ഇബ്നു അബ്ബാസ് رَضِيَ اللَّهُ عَنْهُ നിവേദനം. അല്ലാഹുവിന്റെ റസൂൽ صَلَّى اللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: "നിങ്ങൾ (ഹിലാൽ) കണ്ടാൽ നോമ്പ് തുടങ്ങണം, അത് കണ്ടാൽ നോമ്പ് അവസാനിപ്പിക്കണം. ഇനി നിങ്ങൾക്കും അതിനുമിടയിൽ വല്ല മേഘമോ ഇരുട്ടോ മറയിട്ടാൽ, നിങ്ങൾ എണ്ണം ശഅ്ബാനിൽ ഉൾപ്പെടുത്തി പൂർത്തിയാക്കണം. മാസത്തെ നിങ്ങളൊരു മുൻകടക്കൽ നടത്തരുത്. റമദാനിനെ ശഅ്ബാനിലെ ഒരു ദിവസം കൊണ്ട് കൂട്ടി ചേർക്കരുത്." [നസാഈ സുനനിൽ ഉദ്ധരിച്ചത്]

വസ്‌വാസും സംശയവും ഇസ്‌ലാം ദീനിനും അതിലെ ആരാധനകൾക്കും തീർത്തും അന്യമാണ്. യഖീനോടെയാണ് കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടത്. കിട്ടിയാൽ കിട്ടി അല്ലെങ്കിൽ പോട്ടെ എന്നതല്ല ദീനിന്റെ കാര്യം. അതിർ വരമ്പുകൾ കൃത്യമായി നിർദ്ദേശിച്ച് തന്നിട്ടുണ്ട്. അവ പാലിക്കുകയാണ് വേണ്ടത്. മാസത്തിന്റെ തുടക്കം മുതൽ നോമ്പുനോറ്റ് വരുന്നവർക്ക് അവസാനംവരെ അത് തുടരാം. അവിടെ ഈ വസ്‌വാസിന്റെ പ്രശ്നമില്ല. സാധാരണയായി തിങ്കളും വ്യാഴവും പോലുള്ള നോമ്പ് പതിവായി സ്വീകരിച്ചവർക്കും ഈ വിലക്ക് ബാധകമല്ല. കാരണം ഇത്തരം വസ്‌വാസുകളല്ല അവരുടെ നോമ്പിനുള്ള പ്രേരകം.

## ശഅ്ബാൻ പതിനഞ്ചിന്റെ രാവിൽ പ്രത്യേകം ഇബാദത്തുകളില്ല

ശഅ്ബാൻ പകുതിയുടെ രാവിനെ ചിലർ ആരാധനകൾ കൊണ്ട് ജീവിപ്പിക്കുകയും, അതിൽ പ്രത്യേകമായ ചില നമസ്കാരങ്ങളും, അതിന്റെ പകലിൽ പ്രത്യേകമായ ഒരു നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നതിനെ പണ്ഡിതന്മാർ സലക്ഷ്യം വിലക്കിയിട്ടുണ്ട്.

ഇമാം ഇബ്നു റജബ് رَحِمَهُ ٱللَّهُ പറയുന്നു:

وأنكر ذلك أكثر علماء أهل الحجاز منهم عطاء وابن أبي مليكة ونقله عبد الرحمن بن زيد بن أسلم عن فقهاء أهل المدينة وهو قول أصحاب مالك وغيرهم وقالوا: ذلك كله بدعة.

[لطائف المعارف]

അതിനെ ഹിജാസുകാരിലെ അധികം ഉലമാക്കളും എതിർത്തിട്ടുണ്ട്. അത്വാഉം ഇബ്നു അബീ മുലൈകയും അക്കൂട്ടത്തിലുണ്ട്. അബ്ദുറഹ്മാൻ ബിൻ സൈദ് ബിൻ അസ്‌ലം മദീനക്കാരിലെ ഫുഖഹാക്കളിൽ നിന്ന് അക്കാര്യം ഉദ്ധരിച്ചിട്ടുണ്ട്. അതു തന്നെയാണ് ഇമാം മാലികിന്റെ ശിഷ്യന്മാരുടെയും മറ്റു പലപണ്ഡിതന്മാരുടെയും നിലപാട്. അവരെല്ലാവരും പറയുന്നു: അതെല്ലാം ബിദ്അത്താണ്.

[ലത്വാഇഫുൽ മആരിഫ്]

ഇമാം ഇബ്നു ബാസ് رَحِمَهُ ٱللَّهُ യോടുള്ള ഒരു ചോദ്യവും അതിനുള്ള മറുപടിയും:

هل ثبت حديث صحيح في فضل صيام يوم الخامس عشر من شعبان؟ وهل ورد حديث صحيح في فضل قيام تلك الليلة؟

لا ، تخصيص يوم النصف من شعبان بالعبادة، أو الصيام ، أو ليلة النصف لا أصل له ، بل هو بدعة، الصحيح من أقوال العلماء أنه بدعة، والأحاديث التي فيه ضعيفة، ليلة النصف من شعبان كلها ضعيفة، وبعضها موضوع، لا صحة لها. [فتاوى الجامع الكبير]

ശഅ്ബാൻ പതിഞ്ചിന്റെ പകൽ നോമ്പെടുക്കുന്നതിന്റെ ശ്രേഷ്ഠത വിവരിക്കുന്ന വല്ല ഹദീസും സ്ഥിരപ്പെട്ടിട്ടുണ്ടോ? ആ രാവിൽ നമസ്ക-രിക്കുന്നതിന്റെ ശ്രേഷ്ഠത വിവരിക്കുന്ന വല്ല ഹദീസും സ്ഥിരപ്പെട്ടിട്ടുണ്ടോ?

അദ്ദേഹം മറുപടി പറഞ്ഞു:
ഇല്ല, ശഅ്ബാൻ പകുതിയുടെ ദിവസം അല്ലെങ്കിൽ അതിന്റെ രാവ് ആരാധനകളോ നോമ്പോ പോലുള്ളവകൊണ്ട് സവിശേഷമാക്കുന്നതിന് യാതൊരു അടിസ്ഥാന വുമില്ല, മറിച്ച് അത് ബിദ്അത്താണ്. പണ്ഡിതാഭിപ്രായങ്ങളിൽ ശരിയായത് പ്രകാരം അത് ബിദ്അത്താണ്. അതിനെക്കുറിച്ചു വന്ന ഹദീസുകൾ ദുർബ്ബലങ്ങളാണ്. ശഅ്ബാൻ പാതിയുടെ രാവിനെക്കുറിച്ചു വന്ന എല്ലാ ഹദീസുകളും ദുർബ്ബലമാണ്. അവയിൽ ചിലത് യാതൊരു നിലക്കും സ്ഥിരപ്പെടാത്ത കൃതിപ്പമാണ്.
[ഫതാവാ ജാമിഉൽ കബീർ]

ആ രാത്രിക്ക് അല്ലാഹുവും റസൂലും കൽപ്പിക്കാത്ത സ്ഥാനം നൽകുകയോ അതിൽ അല്ലാഹുവിന്റെ റസൂലിന്റെ മാതൃകയില്ലാത്ത ആരാധനകൾ അനുഷ്ഠിക്കുകയോ പാടില്ല. സൂറഃ ദുഖാനിലെ മൂന്നാമത്തെ

ആയത്ത് ചിലർ ആ രാത്രിയെക്കുറിച്ചാണെന്നും, അതിലാണ് വാർഷികമായ വിഭവങ്ങളും വിധികളും തീരുമാനിക്കപ്പെടുന്നതെന്നും വ്യാഖ്യാനിക്കാറുണ്ട്. അതിന് യാതൊരു അടിസ്ഥാനവുമില്ല.

ഇമാം ഇബ്നു കഥീർ رَحِمَهُ ٱللَّهُ പറയുന്നു:

يَقُولُ تَعَالَى مُخْبِرًا عَنِ الْقُرْآنِ الْعَظِيمِ: إِنَّهُ أَنْزَلَهُ فِي لَيْلَةٍ مُبَارَكَةٍ، وَهِيَ لَيْلَةُ الْقَدْرِ، كَمَا قَالَ تَعَالَى: ﴿إِنَّا أَنزَلْنَاهُ فِي لَيْلَةِ الْقَدْرِ﴾ (القَدْرِ: ١) وَكَانَ ذَلِكَ فِي شَهْرِ رَمَضَانَ، كَمَا قَالَ تَعَالَى: ﴿شَهْرُ رَمَضَانَ الَّذِي أُنزِلَ فِيهِ الْقُرْآنُ﴾ (البقرة: ١٨٥) وَقَدْ ذَكَرْنَا الْأَحَادِيثَ الْوَارِدَةَ فِي ذَلِكَ فِي "سُورَةِ الْبَقَرَةِ" بِمَا أَغْنَى عَنْ إِعَادَتِهِ.
وَمَنْ قَالَ: إِنَّهَا لَيْلَةُ النِّصْفِ مِنْ شَعْبَانَ كَمَا رُوِيَ عَنْ عِكْرِمَةَ فَقَدْ أَبْعَدَ النَّجْعَةَ فَإِنَّ نَصَّ الْقُرْآنِ أَنَّهَا فِي رَمَضَانَ. [تفسير ابن كثير]

അല്ലാഹു تَعَالَى മഹത്തായ ഈ ഖുർആനിനെക്കുറിച്ചുള്ള വൃത്താന്തമായി പറയുന്നു, നിശ്ചയമായും അവൻ അതിനെ അവതരിപ്പിച്ചത് അനുഗ്രഹീതമായ ഒരു രാവിലാണെന്ന്. അത് ലൈലതുൽ ഖദ്റാണ്. അല്ലാഹു പറഞ്ഞതു പ്രകാരം: "നിശ്ചയമായും നാം അതിനെ അവതരിപ്പിച്ചത് ലൈലതുൽ ഖദ്റിലാണ്." (ഖദ്ർ 1) അത് റമദാൻ മാസത്തിലായിരുന്നു. അല്ലാഹു പറഞ്ഞതു പ്രകാരം: "റമദാൻ മാസം, ഖുർആൻ അവതീർണ്ണമായതേതാണോ ആ മാസം." (ബഖറഃ 185)
ആ വിഷയത്തിൽ വന്ന ഹദീസുകൾ ആവർത്തനം ആവശ്യമില്ലാത്ത വിധം സൂറഃ ബഖറയുടെ വിശദീകരണത്തിൽ നാം ഉണർത്തിയിട്ടുണ്ട്. അത് ശഅ്ബാൻ പകുതിയുടെ രാവാണെന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ – ഇക്‌രിമയിൽ നിന്നി ഉദ്ധരിക്കപ്പെട്ടതു പോലെ –

അവൻ സത്യത്തിൽ നിന്ന് ബഹുദൂരം അകന്നുപോയിരിക്കുന്നു. കാരണം നിശ്ചയമായും ഖുർആന്റെ വ്യക്തമായ രേഖ അത് റമദാനിലാണെ-ന്നാണ്. [തഫ്സീർ ഇബ്നു കഥീർ]

عَنْ مَعْمَرٍ عَنِ ابْنِ أَبِي مُلَيْكَةَ قَالَ:
قِيلَ لَهُ: إِنَّ زِيَادًا النُّمَيْرِيَّ يَقُولُ: إِنَّ لَيْلَةَ النِّصْفِ مِنْ شَعْبَانَ أَجْرُهَا كَأَجْرِ لَيْلَةِ الْقَدْرِ،
فَقَالَ ابْنُ أَبِي مُلَيْكَةَ: «لَوْ سَمِعْتُهُ مِنْهُ وَبِيَدِي عَصًا لَضَرَبْتُهُ بِهَا».
[البدع والنهي عنها لابن وضاح]

മഅ്മർ رَحِمَهُ ٱللَّهُ പറയുന്നു: ഇബ്നു അബീ മുലൈക رَحِمَهُ ٱللَّهُ യോട് ചോദിക്കപ്പെട്ടു: സിയാദ് അന്നുമൈരി പറയുന്നു, തീർച്ചയായും ശഅ്ബാൻ പകുതിയുടെ രാവിന്റെ പ്രതിഫലം ലൈലതുൽ ഖദ്റിന്റെ പ്രതിഫലം പോലെ തന്നെയാണെന്ന്. അപ്പോൾ ഇബ്നു അബീ മുലൈക പ്രതിവചിച്ചു: ഞാൻ ഇത് അയാളിൽനിന്ന് കേൾക്കുകയും, അന്നേരം എന്റെ കൈയിൽ ഒരു വടിയുണ്ടാവുകയും ചെയ്തിരുന്നെങ്കിൽ, അതു കൊണ്ട് ഞാൻ അയാളെ തല്ലിയേനെ.

[ഇബ്നു വള്ളാഹ് അൽ ബിദഉ വന്നഹ്യു അൻഹായിൽ ഉദ്ധരിച്ചത്]

## ശഅ്ബാൻ പാതിയുടെ രാവിനുള്ള സവിശേഷത

ശഅ്ബാൻ പകുതിയുടെ രാവിന് നബി ﷺ അറിയിച്ചു തന്ന ഒരു പ്രത്യേകതയുണ്ട്. തെളിവുകൾ കഷ്ണം വെട്ടി സാമ്പാർ പരുവത്തിൽ കൂട്ടിക്കുഴക്കാതെ സ്വീകരിക്കുന്നവർക്ക് വകതിരിച്ചു മനസ്സിലാക്കാനും

വേണ്ടതുപോലെ ഗ്രഹിക്കാനും കഴിയും. തൗഫീഖ് അല്ലാഹുവിൽ നിന്നാണ്. ശഅ്ബാൻ പകുതിയുടെ രാവിനെക്കുറിച്ച് വന്ന ഹദീസ് നമുക്കൊന്ന് വായിച്ച് അതിൽ അടങ്ങിയ പാഠങ്ങൾ പര്യാലോചന ചെയ്യാം.

عَنْ مُعَاذِ بْنِ جَبَلٍ قَالَ: قَالَ رَسُولُ اللَّهِ ﷺ: «يَطَّلِعُ اللَّهُ عَلَى خَلْقِهِ فِي لَيْلَةِ النِّصْفِ مِنْ شَعْبَانَ، فَيَغْفِرُ لِجَمِيعِ خَلْقِهِ، إِلَّا لِمُشْرِكٍ أَوْ مُشَاحِنٍ» [رواه الطبراني في المعجم الأوسط]

മുആദ് ബിൻ ജബൽ رَضِيَ ٱللَّهُ عَنْهُ നിവേദനം. അല്ലാഹുവിന്റെ റസൂൽ صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ പറയുന്നു: "ശഅ്ബാൻ പാതിയുടെ രാവിൽ അല്ലാഹു തന്റെ പടപ്പുകളിലേക്ക് നോക്കുന്നു, എന്നിട്ട് അവന്റെ മുഴുവൻ പടപ്പുകൾക്കും പൊറുത്തു കൊടുക്കുന്നു, മുശ്‌രിക്കിനും മുശാഹിനിനും ഒഴികെ."

[ത്വബറാനി ഔസതിൽ ഉദ്ധരിച്ചത്]

ഈ ഹദീസ് ഉദ്ധരിച്ചുകൊണ്ട് ഇമാം അൽബാനി رَضِيَ ٱللَّهُ عَنْهُ രേഖപ്പെടുത്തുന്നു:

حديث صحيح، روي عن جماعة من الصحابة من طرق مختلفة يشد بعضها بعضا وهم معاذ ابن جبل وأبو ثعلبة الخشني وعبد الله بن عمرو وأبي موسى الأشعري وأبي هريرة وأبي بكر الصديق وعوف ابن مالك وعائشة. [سلسلة الأحاديث الصحيحة]

സ്വഹീഹായ ഹദീസാണിത്. പരസ്പരം കരുത്ത് പകരുന്ന വ്യത്യസ്ത കൈവഴിക ളിലൂടെ ഒരു സംഘം സ്വഹാബത്തിൽ നിന്ന് ഇത് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. മുആദ് ബിൻ ജബൽ, അബൂ ഥഅ്‌ലബഃ അൽ

ഖുശനി, അബ്ദുല്ല ബിൻ അംറ്, അബൂ മൂസാ അൽ അശ്അരി, അബൂ ഹുറെയ്റഃ, അബൂ ബക്ർ അസ്സിദ്ദീഖ്, ഔഫ് ബിൻ മാലിക്, ആഇശ رَضِىَ ٱللَّهُ عَنْهُمْ എന്നിവരാണവർ. [സിൽസിലതുൽ അഹാദീസ് അസ്സ്വഹീഹഃ]

ഇത് സ്ഥിപ്പെട്ട ഹദീസാണ്. ഇതിൽ നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ അറിയിച്ച തന്ന കാര്യങ്ങളും വ്യക്തമാണ്. മേൽ വിവരിച്ചവയും ഈ ഹദീസും ചേർത്തുവെച്ച് ഈ വിഷയത്തെ ഇപ്രകാരം സംഗ്രഹിക്കാം.

1. ശഅ്ബാൻ പകുതിയുടെ രാവിന് പ്രത്യേകതയുണ്ട്.
2. അന്ന് പ്രത്യേകമായ വല്ല നിസ്കാരമോ നോമ്പോ മറ്റ ഇബാദത്തുകളോ സ്ഥിരപ്പെട്ടിട്ടില്ല.
3. അല്ലാഹു തന്റെ അടിമകളിലേക്ക് ആ രാത്രിയിൽ പ്രത്യേകമായി നോക്കുന്നു.
4. അവന്റെ പടപ്പുകൾക്ക് പൊറുത്തുകൊടുക്കുന്ന രാവാണത്.
5. രണ്ട് കൂട്ടർക്ക് ആ സൗഭാഗ്യം നിഷേധിക്കപ്പെടും, മുശ്രിക്കിനും മുശാഹിനിനും.

## മുശ്രിക്കും മുശാഹിനും: ഒരു ലഘു വിവരണം

സ്രഷ്ടാവും നിയന്താവും പരിപാലകനുമായ ഏകനായ റബ്ബിനുമാത്രം അവകാശപ്പെട്ട ആരാധനകളിൽ പങ്കുചേർക്കുന്നവനാണ് മുശ്രിക്ക്. അല്ലാഹുവിന് മാത്രം ഇബാ ദത്ത് ചെയ്യുക എന്നതാണ് ജീവിതത്തിന്റെ ലക്ഷ്യം. അല്ലാഹു പറയുന്നു:

وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ۝٥٦ مَآ أُرِيدُ مِنْهُم مِّن رِّزْقٍ وَمَآ أُرِيدُ أَن يُطْعِمُونِ ۝٥٧
إِنَّ ٱللَّهَ هُوَ ٱلرَّزَّاقُ ذُو ٱلْقُوَّةِ ٱلْمَتِينُ ۝٥٨ (الذاريات)

"ജിന്നുകളെയും മനുഷ്യരെയും എന്നെ മാത്രം ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. അവരിൽ നിന്ന് ഞാൻ വിഭവങ്ങളൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്ക് ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് ശക്തിയുള്ളവനും പ്രബലനുമായ വിഭവദാതാവ്."

[ദാരിയാത്ത് 56 – 58]

തൗഹീദാണ് അല്ലാഹു കൽപ്പിച്ചതിൽ ഏറ്റവും മഹത്തായത്. അതില്ലാതെ ഒരു കർമ്മവും അവൻ സ്വീകരിക്കുകയില്ല. അതിന്റെ സാക്ഷാത്കാരത്തിനു വേണ്ടിയാണ് അവൻ ജിന്ന്-മനുഷ്യ വർഗ്ഗങ്ങളെ സൃഷ്ടിച്ചത്, ദൂതരെ നിയോഗിച്ചത്, ഗ്രന്ഥങ്ങൾ ഇറക്കിയത്, ജിഹാദിന് ധ്വജമുയർത്തിയത്, രക്തമൊഴുക്കപ്പെട്ടത്, മക്കളും കുട്ടികളും ബന്ദികളാക്കപ്പെട്ടത്, ധനം കണ്ടുകെട്ടിയത്, സ്വർഗ്ഗവും നരകവും സ്ഥാപിക്കപ്പെട്ടത്, ജനങ്ങളെ രണ്ടായിതിരിച്ചത്, ഒരു വിഭാഗം സ്വർഗ്ഗത്തിലേക്കും ഒരു വിഭാഗം നരകത്തിലേക്കും എന്നു വെച്ചത്.

ആരാധ്യത അല്ലാഹുവിന് മാത്രമാക്കിത്തീർക്കുക എന്നതാണ് തൗഹീദ്. അഥവാ അല്ലാഹുവല്ലാതെ ന്യായമായി ആരാധിക്കപ്പെടേണ്ടവനായി

ആരുമില്ലെന്ന് സാക്ഷ്യ പ്പെടുത്തുക, അവനെയല്ലാതെ മറ്റാരെയും ആരാധിക്കാതിരിക്കുക, അവനിൽ മാത്രം കാര്യങ്ങൾ ഭരമേൽപ്പിക്കുക, അവനുവേണ്ടിയല്ലാതെ ബന്ധുത്വം സ്ഥാപിക്കാതി രിക്കുക, അവന്റെ കാര്യത്തിലല്ലാതെ വൈര്യം കാണിക്കാതിരിക്കുക, അവനു വേണ്ടിയല്ലാതെ കർമ്മം ചെയ്യാതിരിക്കുക.

ശിർക്കാണ് അല്ലാഹുവിനോടുള്ള ധിക്കാരങ്ങളിൽ ഏറ്റവും വലുത്. അതിനാൽ അത് തീർത്തും വർജ്ജിക്കൽ നിർബന്ധമാണ്. അതിൽ കാർക്കശ്യം കാണിക്കണം. അതിന്റെ പേരിൽ വൈരം പ്രകടിപ്പിക്കണം. അത് ചെയ്യുന്നവനെ കാഫിറായി കാണണം. അതുമായി മരണപ്പെട്ടാൽ അല്ലാഹു അവന് പൊറുത്തുകൊടുക്കില്ല. അവന്റെ മറ്റു കർമ്മങ്ങളെല്ലാം പാഴായിപ്പോകും. സ്വർഗ്ഗം അവനു നിഷിദ്ധമാക്കപ്പെടും. ഒരു നിർവ്വാഹ-വുമില്ലാതെ നരകം അവന്റെ അഭയകേന്ദ്രമായിത്തീരും. അവൻ നരക ശിക്ഷയിൽ നിന്ദ്യനായി, ശാശ്വതമായി എന്നെന്നും കഴിച്ചുകൂട്ടേണ്ടി വരും. അല്ലാഹു പറയുന്നു:

﴿إِنَّ ٱللَّهَ لَا يَغْفِرُ أَن يُشْرَكَ بِهِۦ وَيَغْفِرُ مَا دُونَ ذَٰلِكَ لِمَن يَشَآءُ ۚ وَمَن يُشْرِكْ بِٱللَّهِ فَقَدِ ٱفْتَرَىٰٓ إِثْمًا عَظِيمًا ﴿٤٨﴾﴾ (النساء)

“നിശ്ചയമായും അല്ലാഹു അവനിൽ പങ്കുചേർക്കുന്നത് പൊറുക്കുകയില്ല. അതിനു താഴെയുള്ളത് അവനുദ്ദേശിക്കുന്നവർക്ക് പൊറുത്തുകൊടുക്കും. ആർ അല്ലാഹുവിൽ പങ്കുചേർക്കുന്നുവോ അവൻ വലിയ കുറ്റമാണ് ചമച്ചിരിക്കുന്നത്.” [നിസാഅ് 48]

ശിർക്കിന്റെ കാര്യത്തിൽ അതീവ ജാഗ്രതയും ഉത്തിഷ്ഠതയും പുലർത്താനാണ് നാം കൽപ്പിക്കപ്പെട്ടിരിക്കുന്നത്. അതിനെ കുറിച്ച് നിർഭയമായിരിക്കുക ഒരു വിശ്വാസിക്ക് ഭൂഷണമല്ല. കാരണം മുവഹിദുകളുടെ ഇമാമായ, അല്ലാഹുവിന്റെ വിശിഷ്ട സ്നേഹ ത്തിന് പാത്രീഭൂതനായ, ആകാശ ഭൂമികളുടെ മലകൂത്ത് കാണിക്കപ്പെട്ട ഇബ്രാഹിം عَلَيۡهِ ٱلسَّلَامُ ഉള്ളുരുകി താണുകേണ് പ്രാർത്ഥിച്ചത് ശിർക്കിൽ നിന്ന് രക്ഷ യേകാനല്ലാതെ മറ്റൊന്നിനുമായിരുന്നില്ല.

﴿وَإِذۡ قَالَ إِبۡرَٰهِيمُ رَبِّ ٱجۡعَلۡ هَٰذَا ٱلۡبَلَدَ ءَامِنٗا وَٱجۡنُبۡنِي وَبَنِيَّ أَن نَّعۡبُدَ ٱلۡأَصۡنَامَ ٣٥ رَبِّ إِنَّهُنَّ أَضۡلَلۡنَ كَثِيرٗا مِّنَ ٱلنَّاسِۖ فَمَن تَبِعَنِي فَإِنَّهُۥ مِنِّيۖ وَمَنۡ عَصَانِي فَإِنَّكَ غَفُورٞ رَّحِيمٞ ٣٦﴾ (إبراهيم)

“ഇബ്രാഹിം കേണപേക്ഷിച്ച സന്ദർഭം! എന്റെ റബ്ബേ, ഈ നാട് നിർഭയത്വമുള്ളതാ ക്കണേ. എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹാരാധന നടത്തുന്നതിൽ നിന്ന് അകറ്റിനിർത്തി രക്ഷിക്കണേ. എന്റെ റബ്ബേ, തീർച്ചയായും ആ വിഗ്രഹങ്ങൾ അനേകം മനുഷ്യരെ പിഴപ്പിച്ചിരിക്കുന്നു. ആർ എന്നെ പിന്തുടർന്നുവോ അവൻ എന്നിൽ പെട്ടവനാകുന്നു. ആർ എന്നെ ധിക്കരിക്കുന്ന പക്ഷം, നിശ്ചയമായും നീ ഏറെ പൊറുക്കുന്നവനും കാരുണ്യവാനുമാണ്.” [ഇബ്രാഹിം 35,36]

പ്രശസ്ത താബിഈ വര്യനായ ഇബ്രാഹിം അത്തയ്മി رَحِمَهُ ٱللَّهُ പറയുന്നു:

من يأمن من البلاء بعد خليل الله إبراهيم، حين يقول:
رب ﴿اجْنُبْنِي وَبَنِيَّ أَنْ نَعْبُدَ الأَصْنَامَ﴾ [جامع البيان]

റബ്ബേ, "എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹാരാധന നടത്തുന്നതിൽ നിന്ന് അകറ്റിനിർത്തി രക്ഷിക്കണേ." എന്ന് അല്ലാഹുവിന്റെ ഖലീലായ ഇബ്രാഹിം കേഴുമ്പോൾ പിന്നെ ആർക്കാണ് പരീക്ഷണങ്ങളിൽ നിന്ന് നിർഭയനായിരിക്കാനാവുക?!

[ത്വബരി ജാമിഉൽ ബയാനിൽ രേഖപ്പെടുത്തിയത്]

സജ്ജനങ്ങളായ അടിയാറുകളിലേക്ക് ശിർക്ക് ഇഴഞ്ഞു വരുന്നതിനെ കുറിച്ച് നബി ﷺ മുൻകൂട്ടി താക്കീത് നൽകിയിട്ടുണ്ട്. ഈ സമുദായത്തിലേക്ക് ശിർക്ക് കടന്നുകേറുക ഉറുമ്പരിക്കുന്നതിനേക്കാൾ രഹസ്യമായിട്ടായിരിക്കും.

عَنِ ابْنِ عَبَّاسٍ، فِي قَوْلِ اللَّهِ، عَزَّ وَجَلَّ ﴿فَلَا تَجْعَلُوا لِلَّهِ أَنْدَادًا وَأَنْتُمْ تَعْلَمُونَ﴾ قَالَ: الْأَنْدَادُ هُوَ الشِّرْكُ، أَخْفَى مِنْ دَبِيبِ النَّمْلِ عَلَى صَفَاةٍ سَوْدَاءَ فِي ظُلْمَةِ اللَّيْلِ، [تفسير ابن كثير]

"നിങ്ങൾ അല്ലാഹുവിന് സമന്മാരെ നിശ്ചയിക്കരുത്, നിങ്ങൾ അറിയുന്നവരാ യിരിക്കെ" എന്ന അല്ലാഹുവിന്റെ വചനം തഫ്സീറു ചെയ്തുകൊണ്ട് ഇബ്നു അബ്ബാസ് رَضِيَ اللَّهُ عَنْهُمَا പറയുന്നു: സമന്മാരെ നിശ്ചയിക്കൽ, അതാണ് ശിർക്ക്, കരാള രാത്രിയുടെ കൂരിരുട്ടിൽ കറുത്ത പാറയിലൂടെ ഉറുമ്പരിക്കുന്നതിനെക്കാൾ രഹസ്യമായിട്ടാണത്. [ഇബ്നു കഥീർ തഫ്സീറിൽ ഉദ്ധരിച്ചത്]

عن معقل بن يسار قال: انْطَلَقْتُ مَعَ أَبِي بَكْرٍ الصِّدِّيقِ رَضِيَ اللَّهُ عَنْهُ إِلَى النَّبِيِّ ﷺ فَقَالَ: "يَا أَبَا بَكْرٍ لَلشِّرْكُ فِيكُمْ أَخْفَى مِنْ دَبِيبِ النَّمْلِ" فَقَالَ أَبُو بَكْرٍ: وَهَلِ الشِّرْكُ إِلَّا مَنْ جَعَلَ مَعَ

اللهِ إِلَهًا آخر؟ قال النَّبِيُّ ﷺ: "وَالَّذِي نَفْسِي بِيَدِهِ لَلشِّرْكُ أَخْفَى مِنْ دَبِيبِ النَّمْلِ، أَلَا أَدُلُّكَ عَلَى شَيْءٍ إِذَا قُلْتَهُ ذَهَبَ عَنْكَ قَلِيلُهُ وَكَثِيرُهُ؟ قَالَ: قُلِ اللَّهُمَّ إِنِّي أَعُوذُ بِكَ أَنْ أُشْرِكَ بِكَ وَأَنَا أَعْلَمُ وَأَسْتَغْفِرُكَ لِمَا لَا أَعلم." [رواه البخاري في الأدب المفرد وصححه الألباني]

മഅ്ഖിൽ ബിൻ യസാർ رَضِيَ اللَّهُ عَنْهُ നിവേദനം. അദ്ദേഹം പറയുന്നു: ഞാൻ ഒരിക്കൽ അബൂ ബക്ർ رَضِيَ اللَّهُ عَنْهُ ന്റെ കൂടെ നബി ﷺ യുടെ അടുത്ത് ചെന്നു. അപ്പോൾ നബി ﷺ പറഞ്ഞു: "അബൂ ബക്ർ, നിശ്ചയമായും ഉറുമ്പരിക്കുന്നതിനെക്കാളും ഗോപ്യമായിട്ടായിരിക്കും നിങ്ങളിലേക്ക് ശിർക്ക് വരുക."

അബൂ ബക്ർ ചോദിച്ചു: അല്ലാഹുവിന്റെ കൂടെ മറ്റൊരു ആരാധ്യനെ നിശ്ചയിച്ചവനല്ലാതെ ശിർക്കിൽഅകപ്പെട്ടുമോ?

നബി ﷺ പറഞ്ഞു: "എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവൻ തന്നെ സത്യം! ശിർക്ക് വരുക ഉറുമ്പരിക്ക-ന്നതിനെക്കാളും ഗോപ്യമായിട്ടായിരിക്കും. ഞാൻ ഒരു കാര്യം നിനക്ക് അറിയിച്ചു തരട്ടെയോ? അത് നീ ഉരിയിടുകയാണെങ്കിൽ അതിലെ കുറഞ്ഞതും കൂടിയതും നിന്നിൽ നിന്ന് ഒഴിവായിപ്പോകും."
എന്നിട്ട് അവിടുന്ന് ഇങ്ങനെ ഉരുവിടാൻ പറഞ്ഞു: "അല്ലാഹുവേ, അറിഞ്ഞുകൊണ്ട് നിന്നിൽ പങ്കുചേർക്കുന്നതിൽ നിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു. എനിക്ക് അറിയാത്തതിന് ഞാൻ നിന്നോട് മാപ്പിരക്കുകയും ചെയ്യുന്നു." [ബുഖാരി അദബുൽ മുഫ്റദിൽ ഉദ്ധരിച്ചത്]

ശ്രദ്ധിക്കുക! അന്ത്യനാളിനു മുമ്പായി ഈ സമുദായത്തിൽ നിന്ന് ഏതാനും ഗോത്ര ങ്ങൾ മുശ്രിക്കുകളോടൊപ്പം ചേരുമെന്നും അവർ

വിഗ്രഹാരാധന നടത്തുമെന്നും നബി ﷺ മുന്നറിയിപ്പ് നൽകിയിരിക്കുന്നു.

عن ثوبان رضي الله عنه قال: قال النبي ﷺ: "وَلَا تَقُومُ السَّاعَةُ حَتَّى تَلْحَقَ قَبَائِلُ مِنْ أُمَّتِي بِالْمُشْرِكِينَ، وَحَتَّى تَعْبُدَ قَبَائِلُ مِنْ أُمَّتِي الْأَوْثَانَ"، [رواه أبو داود وصححه الألباني]

ഥൗബാൻ رَضِيَ ٱللَّهُ عَنْهُ നിവേദനം. നബി ﷺ പറയുന്നു: "എന്റെ സമുദായത്തിൽപെട്ട ഏതാനും ഗോത്രങ്ങൾ മുശ്‌രിക്കുകളിലേക്ക് ചെന്നുചേരുന്നതു വരെയും, എന്റെ സമുദായത്തിൽപെട്ട ഏതാനും ഗോത്രങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതു വരെയും അന്ത്യനാൾ സംഭവിക്കുകയില്ല." [അബൂ ദാവൂദ് സുനനിൽ ഉദ്ധരിച്ചത്]

ശഅ്ബാൻ ഒരു ഉണർത്തലാണ്, നമ്മുടെ അഖീദയെക്കുറിച്ച് ആത്മപരിശോധന നടത്തുന്നതിനുള്ള അവസരമാണ്. തൗഹീദ് പഠനത്തിന്റെ ഗൗരവം ഓർമ്മപ്പെടുത്തു ന്നതാണ്. ആദ്യം വേണ്ടത് തൗഹീദാണ്. മറ്റെല്ലാം അതിനു ശേഷവും. അത് നേരെയാകാതെ ഒരു കർമ്മവും സ്വീകരിക്കപ്പെടില്ല. തൗഹീദിൽ നിന്നാണ് എല്ലാം ആരംഭിക്കേണ്ടത്. ജീവിതത്തിലുടനീളം കാത്തുസൂക്ഷിക്കേണ്ടതും, ജീവിതം കൊണ്ട് സാക്ഷാത്കരിക്കേണ്ടതും അതുതന്നെ. ഒരു നിമിഷാർദ്ധം പോലും അതിൽ നിന്നു തെന്നിപ്പോകരുത്. നിരന്തരം പഠിക്കേണ്ടതും ആവർത്തിച്ച് പറയേണ്ടതും അതാണ്. അവസാനം അതുമായിട്ടാണ് ഈ ദുനിയാവിൽ നിന്നു വേർപിരിയേണ്ടതും.

## രണ്ടാമത്തേത് മുശാഹിൻ, ആരാണ് മുശാഹിൻ?

മുശാഹിൻ, مشاحن എന്ന വാക്ക് شحن എന്ന ദാതുവിൽ നിന്നുള്ളതാണ്. ഇന്ന് നമ്മൾ ചാർജ് ചെയ്യാൻ ഉപയോഗിക്കുന്ന ബാട്ടറി പോലുള്ള വസ്തുക്കൾക്ക് ഈ വാക്കുതന്നെയാണ് ഉപയോഗിക്കാറുള്ളത്. ഹൃദയങ്ങൾക്കുള്ളിൽ കുത്തിനിറക്കുന്ന പകയും വിദ്വേഷവും ശത്രുതയുമാണ് ശഹ്നാഅ്. ഹദീസിൽ വന്ന വാക്കിനെ പണ്ഡിതന്മാർ വിവരിച്ചതിലൂടെ നമുക്ക് മനസ്സിലാക്കാം.

قال ابن الأثير: المشاحن: هو المعادي؛ والشحناء: العداوة، والتشاحن: تفاعل منه. [النهاية في غريب الأثر]

ഇബ്നുൽ അഥീർ رَحِمَهُ ٱللَّهُ പറയുന്നു:
മുശാഹിൻ എന്നാൽ ശത്രുതവെക്കുന്നവൻ എന്നാണർത്ഥം. ശഹ്നാഅ് എന്നാൽ ശത്രുത എന്നുമാണ്. തശാഹുൻ അതിന്റെ തഫാഉൽ അഥവാ പരസ്പര ശത്രുതയും. [അന്നിഹായഃ]

قال الطبراني رحمه الله: سَمِعْتُ عَبْدَ اللهِ بْنَ أَحْمَدَ بْنِ حَنْبَلٍ يَقُولُ سَمِعْتُ أَبِي يَقُولُ فِي مَعْنَى حَدِيثِ النَّبِيِّ ﷺ: ((إِنَّ اللهَ عَزَّ وَجَلَّ يَطَّلِعُ فِي لَيْلَةِ النِّصْفِ مِنْ شَعْبَانَ عَلَى عِبَادِهِ فَيَغْفِرُ لأَهْلِ الأَرْضِ إِلا لِمُشْرِكٍ أَوْ مُشَاحِنٍ)) قَالَ: الْمُشَاحِنُ؛ هُمْ أَهْلُ الْبِدَعِ الَّذِينَ يُشَاحِنُونَ أَهْلَ الإِسْلامِ وَيُعَادُونَهُمْ. [الدعاء للطبراني]

ത്വബറാനി رَحِمَهُ ٱللَّهُ പറയുന്നു: നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ യുടെ ഈ വചനത്തിന്റെ അർത്ഥത്തെ കുറിച്ച് തന്റെ പിതാവ് പറയുന്നത് ഞാൻ കേട്ടു എന്ന്

അബ്ദുല്ല ബിൻ അഹ്മദ് ബിൻ ഹമ്പൽ പറയുന്നത് ഞാൻ കേട്ടു: "ശഅ്ബാൻ പാതിയുടെ രാവിൽ അല്ലാഹു തന്റെ അടിയാറുകളിലേക്ക് നോക്കും, എന്നിട്ട് ഭൂലോകർക്കൊക്കെയും പൊറുത്തു കൊടുക്കും, മുശ്‌രിക്കിനും മുശാഹിനിനുമൊഴികെ." എന്റെ പിതാവ് പറഞ്ഞു: മുശാഹിൻ എന്നാൽ ബിദ്അത്തുകാരാണ്, യഥാർത്ഥ ഇസ്‌ലാമിന്റെ വക്താക്കളോട് വിദ്വേഷവും ശത്രുതയും വെച്ചുപുലർത്തുന്നവർ.

[ത്വബറാനി അദ്ദുആയിൽ ഉദ്ധരിച്ചത്]

وقال الأوزاعي: أراد بالمشاحن ها هنا صاحب البدعة المفارق لجماعة الأمة.

[السلسلة الصحيحة]

ഇമാം ഔസാഈ رَحِمَهُ ٱللَّهُ പറയുന്നു: മുശാഹിൻ എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിച്ചത് ബിദ്അത്തുകാരനെയാണ്. മുസ്‌ലിംകളുടെ ജമാഅത്തിൽ നിന്ന് വേറിട്ട് നിൽക്കുന്നവൻ. [സിൽസിലതു സ്സ്വഹീഹഃ]

قال الأصبهاني قَوَّامِ السُّنَّةِ رحمه الله: عن عُمير بن هانئ قال: "سألت ابن ثوبان عن المشاحن، فقال: هو التارك لسنة نبيه ﷺ الطاعن على أمته، السافك لدمائهم.

[الترغيب والترهيب]

ഖവ്വാമുസ്സുന്നഃ അസ്സ്വഹാനി رَحِمَهُ ٱللَّهُ പറയുന്നു: ഉമൈർ ബിൻ ഹാനി رَحِمَهُ ٱللَّهُ പറയുന്നു: ഇബ്നു ഥൗബാനോട് മുശാഹിനിനെക്കുറിച്ച് ഞാൻ ചോദിച്ചു, അപ്പോൾ അദ്ദേഹം പറഞ്ഞു: അവനാണ് നബി صَلَّى ٱللَّهُ عَلَيْهِ وَسَلَّمَ യുടെ സുന്നത്തിനെ വെടിയുകയും അദ്ദേഹത്തിന്റെ ഉമ്മത്തിനെ അധിക്ഷേപിക്കുകയും അവരുടെ രക്തം ചിന്തുകയും ചെയ്യുന്നവൻ.

[അത്തർഗീബു വത്തർഹീബ്]

ഭൂമഖത്തെ മനുഷ്യജീവിതം സഫലമാകണമെങ്കിൽ ലിംഗഭേദമില്ലാതെ ഓരോ വ്യക്തിയും അല്ലാഹ്ഹ നൽകുന്ന മാർഗ്ഗദർശനം സഹൃദയത്വ-ത്തോടെ കേൾക്കണം. അത് സത്യപ്പെടുത്തുകയും വിശ്വസിക്കുകയും ചെയ്യണം. അതിനു സർവഥാ കീഴ്പ്പെടണം. അല്ലാഹ്ഹവോ അവന്റെ ദൂതനോ ഒരു കാര്യം വിധിച്ചാൽ അത് മനസാ വാചാ കർമ്മണാ അംഗീകരിക്കണം. യാതൊരു ചാഞ്ചല്യമോ വിമ്മിട്ടമോ കൂടാതെ അതിനു സർവ്വാത്മനാ കീഴ്പ്പെടണം. അതിനു മുന്നിൽ തന്റെ വൈയക്തികമായ താൽപര്യങ്ങൾക്കോ ഇഷ്ടാനിഷ്ടങ്ങൾക്കോ ഒരു സ്ഥാനവും നൽകാനും പാടില്ല.

പിശാച് തെറ്റായ അഭിപ്രായങ്ങളും അഭീഷ്ടങ്ങളും അവരുടെ മനസ്സിൽ അങ്കുരി പ്പിക്കും. അവയെ മഹത്വവൽക്കരിച്ച് കാണിക്കുകയും അലങ്കാരമായി തോന്നിക്കു കയും ചെയ്യും. അങ്ങനെ ഓരോരുത്തരും അവരവരുടെ അഭിപ്രായങ്ങളിലും അഭീഷ്ട ങ്ങളിലും ഉറച്ചുനിന്ന് പോരടിക്കാൻ തുടങ്ങും. അതിലൂടെ അവർക്കിടയിൽ ഭിന്നിപ്പ ണ്ടാക്കി അവൻ തന്റെ ലക്ഷ്യം നേടാൻ ശ്രമിക്കും.

തൗഹീദും ഇത്തിബാഉം ഹൃദയങ്ങളെ പരിശുദ്ധവും തെളിമയുള്ളതുമാക്കും. അല്ലാ ഹവിനെ, അവൻ സ്നേഹിക്കുന്നവരെ, അവനെ സ്നേഹിക്കുന്ന-വരെ, സ്നേഹിക്കാനും ആദരിക്കാനും പ്രേരിപ്പിക്കും. ശിർക്കും ബിദ്അത്തും ഹൃദയങ്ങൾക്കുള്ളിൽ കുടില തയും വിദ്വേഷവും വളർത്തും. അല്ലാഹ്ഹ പറയുന്നു:

وَلَا تَكُونُوا مِنَ ٱلْمُشْرِكِينَ ۝٣١ مِنَ ٱلَّذِينَ فَرَّقُوا دِينَهُمْ وَكَانُوا شِيَعًا ۖ كُلُّ حِزْبٍ بِمَا لَدَيْهِمْ فَرِحُونَ ۝٣٢ (الروم)

"നിങ്ങൾ മുശ്‌രിക്കുകളിൽ പെട്ടുപോകരുത്, അതായത് തങ്ങളുടെ മതത്തിൽ ഭിന്നി പ്പുണ്ടാക്കി കക്ഷിതിരിഞ്ഞവരിൽ. ഒരോ കക്ഷിയും അവരവരുടെ പക്കലുള്ളതു കൊണ്ട് ഉന്മാദഭരിതരാവുകയാണ്." [റൂം 31,32]

ഏകനായ അല്ലാഹുവിനു മാത്രം ഇബാദത്ത് ചെയ്യുക. അല്ലാഹുവിന്റെ റസൂൽ ﷺ കാണിച്ചുതന്ന വഴിയിലൂടെ തന്നെ സഞ്ചരിക്കുക. അല്ലാഹു നമ്മെ എല്ലാവിധ ശിർക്കിൽ നിന്നും ബിദ്അത്തിൽ നിന്നും കാത്തുരക്ഷിക്കട്ടെ.

. . . . .

**അബൂ തൈമിയ്യ ഹനീഫ് ബാവ**
13 ശഅ്ബാൻ 1445 / 23 Feb 2024

ഖുർആനും സുന്നത്തും സലഫുകളുടെ മൻഹജ്
അനുസരിച്ചു മനസ്സിലാക്കുവാനും പഠിക്കുവാനും
ഉതകുന്ന ഗ്രന്ഥങ്ങളും കഴമ്പുള്ള ലേഖനങ്ങളും

ISLAMBOOKS.IN

www.islambooks.in

ഖുർആൻ പരിഭാഷകളും വ്യാഖ്യാനങ്ങളും
വായിക്കുന്നവർക്കുള്ള ഒരു മാർഗ്ഗരേഖ

ഖുർആൻ വിവരണം

www.quranvivaranam.com

ഖുർആനും സുന്നത്തും സച്ചരിതരായ പൂർവികർ
മനസ്സിലാക്കിയ പോലെ അതിന്റെ ഏറ്റവും
പരിശുദ്ധവും വ്യക്തവുമായ രൂപത്തിൽ പഠിക്കാൻ

ilmusSalaf
Darul Hadeeth As-Salafiyya,Kerala

www.ilmussalaf.com